നം: എൽ.എഫ്/എം20/149/2013

ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, മലപ്പുറം
തീയതി 17-04-2013

## മലപ്പുറം ജില്ലയിലെ മഞ്ചേരി നഗരസഭയുടെ 2010-11, 11-12 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരള നഗരപാലിക നിയമം 295(4)-ാം വകുപ്പ് 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും : ശ്രീ. സി.എച്ച്.അബ്ദുൽ ഹമീദ്, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

**ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ**

മഞ്ചേരി നഗരസഭയുടെ 2010-11, 11-12 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനക്ക് വിധേയമാക്കുകയുണ്ടായി.

നഗരസഭ 18-9-2011 മുതൽ 11.12.2012 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് ചെയ്ത കണക്കുകളുടെ വിവരം (വരവ്/ചെലവ്/ വാർഷികം) | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരു വിവരം |
|---|---|---|
| 12-12-12 മുതൽ 29-12-12 വരെ | 2010-11, 2011-12 വാർഷികം | 1. ശ്രീ.എം.എൻ.ഹരിദാസൻ ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>2. ശ്രീമതി.ഇസഡ്.ഷീബ, ഓഡിറ്റ് ഓഫീസർ<br>3. ശ്രീ.ടി.പി.ജലീൽ<br>4. ശ്രീ.എം.മുഹമ്മദ് അലി<br>5. ശ്രീ.പി.സക്കീർഹുസൈൻ<br>6. ശ്രീ.കെ.പി.അഷ്റഫ്<br>7. ശ്രീ.പി.യൂസഫ്<br>8. ശ്രീമതി.എസ്.ദിവ്യ, ഓഡിറ്റർമാർ |

**നിർവഹണാധികാരികൾ**

ചെയർമാൻ : 1. ശ്രീമതി.സഫർ ശാന്ത 1-4-2010 മുതൽ 1-10-2010 വരെ
2. സെക്രട്ടറി, എം.ഇ., സി.ഡി.പി.ഒ. അടങ്ങിയ സമിതി (2-10-2010 മുതൽ 7-11-2010 വരെ)

Local Fund Audit Department

3. ശ്രീ.എം.പി.എം.ഇസ്ഹാഖ് കുരിക്കൾ
(8-11-2010 മുതൽ 31-3-2012 വരെ)

സെക്രട്ടറി : 1. ശ്രീ.കെ.എസ്.മുരളീധരൻ 1.4.2010 മുതൽ 31-03-2012 വരെ

**റിപ്പോർട്ടിന്റെ ഉളളടക്കം**

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊളളിച്ചിട്ടുളളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുളളതുമാകുന്നു

**ഭാഗം : 1 പൊതു അവലോകനം**

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

**ഭാഗം : 2 വരവു കണക്കുകളിൻമേലുളള ഓഡിറ്റ് നിരീക്ഷണങ്ങൾ**

രസീത് പരിശോധനയിലും, നഗരസഭയുടെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം : 3 ചെലവു കണക്കുകളിൻമേലുളള ഓഡിറ്റ് നിരീക്ഷണങ്ങൾ.**

നഗരസഭയുടെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം : 4 ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും**

നഗരസഭയുടെ വിവിധ ഇനങ്ങളിൽ ഉളളതും ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയതുമായ വാർഷിക കണക്കുകളെ സംബന്ധിച്ച വിവരങ്ങൾ, സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

## ഭാഗം : 1 - പൊതു അവലോകനം

**ബജറ്റ്**

മഞ്ചേരി നഗരസഭയുടെ 2010-11, 11-12 വർഷങ്ങളിലെ ബജറ്റ് പ്രകാരമുളള വരവ് ചെലവ് കണക്കുകൾ, യഥാർത്ഥ വരവ് ചെലവ് കണക്കുകൾ എന്നിവയുടെ വിവരം താഴെ കൊടുക്കുന്നു.

| സാമ്പത്തിക വർഷം | ബജറ്റ് അംഗീകരിച്ച തീയതി | ബജറ്റ് കണക്കുകൾ | | യഥാർത്ഥ കണക്കുകൾ | |
|---|---|---|---|---|---|
| | | ആകെ വരവ് | ആകെ ചെലവ് | ആകെ വരവ് | ആകെ ചെലവ് |
| 2010-11 | 24-3-11 (റിവൈസ്ഡ്) തീ.നം. 01 | 132082230 | 148850890 | 141236909 | 135354120 |
| 2011-12 | 28-3-12 (റിവൈസ്ഡ്) തീ.നം.01 | 163928800 | 150636800 | 187032996 | 170042235 |

Local Fund Audit Department

മേൽപ്പറഞ്ഞ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കിയതിൽ 14384 രൂപ നഗരസഭയുടെ വരവ് ഇനങ്ങളിൽ നഷ്ടമുണ്ടായതായും 2000 രൂപ ഓഡിറ്റിൽ അംഗീകരിക്കാൻ സാധിക്കാത്ത വിധത്തിൽ ചെലവു ചെയ്തതായും കാണുന്നു. കൂടാതെ വിവിധ കാരണങ്ങളാൽ 11,65,000 രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു. (വിശദ വിവരത്തിനായി ഈ റിപ്പോർട്ടിന്റെ 2, 3 എന്നീ ഭാഗങ്ങളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.)

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട മറ്റ് പൊതുവായ വിവരങ്ങൾ താഴെ കൊടുക്കുന്നു.

**1(1) രജിസ്റ്ററുകളുടെ സൂക്ഷിപ്പ് - അപാകതകൾ**

(എ) തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ

2010-11 വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററിൽ തുക അടവാക്കിയതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഡിമാന്റ് നോട്ടീസുകളിൽ അസസ്സ്മെന്റ് നമ്പർ രേഖപ്പെടുത്താത്തതിനാൽ നികുതി അടവ് വിവരം പൂർണ്ണമായും പരിശോധിക്കാൻ സാധിച്ചിട്ടില്ല. തൊഴിൽ നികുതി റിട്ടേണുകൾ വളരെ അലക്ഷ്യമായാണ് കൈകാര്യം ചെയ്തിരിക്കുന്നത്. തൊഴിൽ നികുതി അരിയർ ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഡിമാന്റ് രജിസ്റ്റർ മേലുദ്യോഗസ്ഥർ പരിശോധിച്ചു കാണുന്നില്ല. വർഷാവസാനം സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(ബി) വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ

വാർഷിക സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

(സി) ഓഡിറ്റ് റിക്കവറി രജിസ്റ്റർ

സാമ്പത്തിക വർഷ ക്രമത്തിൽ ഓഡിറ്റ് റിക്കവറി വരവ് രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

(ഡി) വാടക കുടിശ്ശിക

2010-11 വർഷത്തെ വാടകയിനങ്ങളുടെ ഡി.സി.ബി. സംഗ്രഹം തയ്യാറാക്കിയിട്ടില്ല. അതുകൊണ്ടു തന്നെ ഡി.സി.ബി. യിലെയും ഡിമാന്റ് രജിസ്റ്ററിലെയും കണക്കുകൾ തമ്മിൽ താരതമ്യം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

## ഭാഗം : 2
## വരവ് കണക്കുകളിൻമേലുളള ഓഡിറ്റ് നിരീക്ഷണങ്ങൾ.

**2(1) തൊഴിൽ നികുതി അടവാക്കാത്തത് - സംബന്ധിച്ച്**

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 ൽ അനുശാസിക്കുന്ന വിധം തൊഴിൽ നികുതി ഈടാക്കുന്നതിനുളള നടപടികൾ സ്വീകരിച്ചു കാണുന്നില്ല. 2010-11, 11-12 വർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുകൾ

Local Fund Audit Department

പരിശോധിച്ചതിൽ നിരവധി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി പിരിച്ചെടുത്തതായി കാണുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

**2010-11**

| ക്രമ നമ്പർ | അസസ്സ്മെന്റ് നമ്പർ | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|---|
| 1 | 3 | റഹ്മത്ത് പബ്ലിക് സ്കൂൾ | രണ്ടാം അർധ വർഷം |
| 2 | 24 | റിലയൻസ് ഇൻഫോകോം | ,, |
| 3 | 26 | മഞ്ചേരി ഐ ഹോസ്പിറ്റൽ | ,, |
| 4 | 50 | ഇന്ത്യൻ ഓവർസീസ് ബാങ്ക് | ,, |
| 5 | 55 | അപ്പോളോ ഗോൾഡ് | ഒന്നും രണ്ടും അർധ വർഷങ്ങൾ |
| 6 | 61 | മുബാറക് ഇംഗ്ലീഷ് സ്കൂൾ | ,, |
| 7 | 128 | ഐ.സി.ഐ.സി.ഐ. പ്രുഡൻഷ്യൽ | ,, |
| 8 | 189 | അൽഹുദ ഇംഗ്ലീഷ് സ്കൂൾ | രണ്ടാം അർധ വർഷം |
| 9 | 226 | എച്.ഡി.എഫ്.സി. ഗ്ലോബൽ | ,, |
| 10 | 238 | ജി.ടെക് കമ്പ്യൂട്ടർ എജ്യുക്കേഷൻ | ,, |

**2011-12**

| ക്രമ നമ്പർ | അസസ്സ്മെന്റ് നമ്പർ | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|---|
| 1 | 19 | അൽഹുദ ഇംഗ്ലീഷ് സ്കൂൾ | ഒന്നും രണ്ടും അർധ വർഷങ്ങൾ |
| 2 | 26 | എച്.എം.ഐ.റ്റി.സി., തുറക്കൽ | രണ്ടാം അർധ വർഷം |
| 3 | 28 | TATA മോട്ടോർ ഫിനാൻസ് | ഒന്നും രണ്ടും അർധ വർഷങ്ങൾ |
| 4 | 67 | സഹകരണ നിക്ഷേപ കേന്ദ്രം | ,, |
| 5 | 71 | കുരിക്കൾ മെഡിക്കൽസ് | ,, |
| 6 | 80 | സിറ്റി സ്കാൻ സെന്റർ | ,, |
| 7 | 98 | ഹോട്ടൽ അൽബൈക്ക് | ഒന്നാം അർധ വർഷം |
| 8 | 114 | ഇ.റ്റി.ഐ., മഞ്ചേരി | ഒന്നും രണ്ടും അർധ വർഷങ്ങൾ |
| 9 | 119 | ട്രിനിറ്റി കോളേജ് | ,, |
| 10 | 123 | ഫാത്തിമ ഡെന്റൽ ക്ലിനിക് | ,, |

ഇപ്രകാരം തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച തുടർ നടപടി വിവരം അറിയിക്കാനാവശ്യപ്പെട്ട് നൽകിയ 20-12-12 ലെ 25/11-12 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ആയതിനാൽ 2010-11, 11-12 വർഷങ്ങളിൽ തൊഴിൽ നികുതി അടവാക്കാത്ത മുഴുവൻ നികുതിദായകരെയും കണ്ടെത്തി, കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 259, 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടം 11 എന്നിവ പ്രകാരമുള്ള തുടർ നടപടികൾ

Local Fund Audit Department

സ്വീകരിച്ച് നികുതി ഈടാക്കേണ്ടതും കാലങ്ങളായി ഈടാക്കി വരുന്ന നികുതി പുനർ നിശ്ചയിച്ച് മുനിസിപ്പാലിറ്റിയുടെ വരുമാനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

**2(2) വാടകക്കുടിശ്ശിക - പിരിച്ചെടുക്കാതെ അവശേഷിക്കുന്നു.**

മഞ്ചേരി നഗരസഭയുടെ വരുമാന സ്രോതസ്സുകളായ ഷോപ്പിംഗ് കോംപ്ലക്സ്, മാർക്കറ്റ്, ബസ്സ്റ്റാന്റ് വാടകയിനത്തിൽ 2007-08 മുതൽ 2010-11 വരെ 11,16,365 രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വാടകക്കാരൻ | റൂം നമ്പർ | വാടക കുടിശ്ശിക | കാലയളവ് |
|---|---|---|---|
| 1. കെ.ജി.രാജു | SCFF, 1 | 18564 | 2007-08 |
| 2. സി.എം.ഇഖ്ബാൽ | SCFF, 2 | 12204 | 2007-08 |
| 3. കെ.റ്റി.ഉമ്മർ | SCFF, 3 | 2289 | 2008-09 |
| 4. കെ.പി.ഇബ്രാഹിം | RDB, FF, 7 | 594 | 2009-10 |
| 5. കെ.പി.ഇബ്രാഹിം | RDB, FF, 7 | 3265 | 2010-11 |
| 6. എം.മൊയ്തീൻകുട്ടി | RDB, FF, 14 | 2384 | 2010-11 |
| 7. എൻ.കെ.അലിഹസൻ | TBS, 33 | 4950 | 2010-11 |
| 8. പി.അബ്ദുൾകലാം | ദിവസച്ചന്ത 17 | 942 | 2010-11 |
| 9. കെ.പി.ഇബ്രാഹിം | RDB, FF, 7 | 7836 | 2011-12 |
| 10. എം.പി.മൊയ്തീൻ കുരിക്കൾ | RDB, FF, 9 | 1875 | 2011-12 |
| 11. എം.മൊയ്തീൻകുട്ടി | RDB, FF, 44 | 7152 | 2011-12 |
| 12. അബ്ദുൾ കലാം | ദിവസച്ചന്ത 17 | 12246 | 2011-12 |

തുക പിരിച്ചെടുക്കുവാൻ ഊർജ്ജിത നടപടി സ്വീകരിക്കേണ്ടതാണ്. കാലഹരണപ്പെട്ട തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതാണ്.

## ഭാഗം : 3
## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ.

**3(1) സ്ഥാപനങ്ങൾക്ക് തുക കൈമാറിയത് - വിനിയോഗ രേഖകൾ ഹാജരാക്കിയില്ല**

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് തുക കൈമാറിയെങ്കിലും 15-12-12 ന് ഓഡിറ്റ് എൻക്വയറി വഴി ആവശ്യപ്പെട്ടിട്ടും അവയുടെ വിനിയോഗ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. ചെലവു തുക 11,65,000/- രൂപ രേഖകളുടെ അഭാവത്തിൽ തടസ്സം ചെയ്യുന്നു.

| ബിൽ നമ്പർ തീയതി | തുക | വിവരണം | റിമാർക്സ് |
|---|---|---|---|
| (1) 9/26-3-12 | 200000 | വികസന ഫണ്ടിൽ നിന്ന് 'കില' തൃശൂരിന് കൽപ്പിത സർവ്വകലാശാലയായി ഉയർത്തുന്നതിന് നൽകിയത് (ചെക്ക് നമ്പർ 280205/7-4-12) (ജി.ഒ (സാധാ) നമ്പർ 673/12/തസ്വഭവ./5-3-12 പ്രകാരം | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല |

Local Fund Audit Department

| | | | |
|---|---|---|---|
| (2) 3/25-10-11 | 160000 | ഐ.കെ.എം. സാങ്കേതിക സഹായത്തിന് ഐ.കെ.എം. എക്സിക്യൂട്ടീവ് ചെയർമാൻ ഡയറക്ടർക്ക് നൽകിയത് (ഡി.ഡി. നമ്പർ 656618/27-10-11) | വിനിയോഗ രേഖകൾ ഹാജരാക്കിയില്ല |
| (3) 8/17-3-12 | 805000 | ജനറൽ മാനേജർ, കെൽട്രോൺ ട്രാഫിക് സിഗ്നൽ ഡിവിഷന് ട്രാഫിക് സിഗ്നൽ സിസ്റ്റം സപ്ലൈ ചെയ്യുന്നതിനും ഇൻസ്റ്റാൾ ചെയ്യുന്നതിനുമുളള ചാർജ്ജ് അടവാക്കിയത് (ഡെപ്പോസിറ്റ് വർക്ക്) | വിനിയോഗ പൂർത്തീകരണ രേഖകൾ ലഭ്യമാക്കിയില്ല |
| ആകെ | 11,65,000 | | |

**3(2) ഡെപ്പോസിറ്റ് വർക്ക് - പൂർത്തീകരണ വിവരമില്ല**

(1) 8-ാം വാർഡിലെ കുത്തുകൽ - താണിപ്പാറ റോഡിൽ തകർന്ന് കിടക്കുന്ന നിലവിലെ 150 മീറ്റർ ജി.ഐ. പൈപ്പ് മാറ്റി പകരം പി.വി.സി. പൈപ്പ് സ്ഥാപിക്കുന്നതിനായി വൗച്ചർ 224/23-6-11 പ്രകാരം 44,000 രൂപ വാട്ടർ അതോറിറ്റിയിൽ (ഫയൽ : ഇ2-1613/11) നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ പുരോഗതി/പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

(2) എസ്.സി.ഡി.ഒ. നിർവഹണം നടത്തിയ വീബൂർ - ആലുങ്ങൽ കുടിവെളള പദ്ധതിയ്ക്ക് (പ്രൊജക്ട് : 90/12) വാട്ടർ അതോറിറ്റിയിൽ 7 ലക്ഷം രൂപ അടവാക്കിയിരുന്നു. കെ.ഡബ്ല്യു.എ. യുടെ 28-3-2011 ലെ കത്ത് പ്രകാരം എസ്റ്റിമേറ്റ് 8.3 ലക്ഷം രൂപയായി പുതുക്കിയതിനാൽ ശേഷിച്ച 1.3 ലക്ഷം രൂപ ബിൽ 10/11-12/30-1-12 പ്രകാരം പിൻവലിച്ച തുകയിൽ നിന്ന് കെ.ഡബ്ല്യു.എ. യിൽ അടവാക്കിയിട്ടുണ്ട്. 03/11-12/16-2-2012 കരാർ അനുസരിച്ച് 31-05-2012 ന് പ്രവൃത്തി പൂർത്തിയാവേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തിയായ വിവരം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പ്രവൃത്തി നടന്ന്കൊണ്ടിരിക്കുന്നു എന്നാണ് വിശദീകരണം നൽകിയത്.

പ്രവൃത്തിയുടെ പൂർത്തീകരണ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

**3(3) കമ്പ്യൂട്ടറുകൾക്ക് ബാറ്ററി വാങ്ങിത് - സംബന്ധിച്ച്**

നഗരസഭയിലെ കമ്പ്യൂട്ടറുകൾ പ്രവർത്തിപ്പിക്കുന്ന യു.പി.എസ് ന്റെ ബാറ്ററികൾക്ക് സംഭരണ ശേഷി കുറവായതിനാൽ വൗച്ചർ 210/17-6-11 പ്രകാരം ധനകാര്യ സമിതിയുടെ 4/17-1-2011 തീരുമാന പ്രകാരം 65 AH Exide ന്റെ 8 ബാറ്ററികൾ 35,440 രൂപ ചെലവഴിച്ച് വാങ്ങിയിട്ടുണ്ട്. (ഫയൽ : ഇ2 - 13046/10). സംഭരണ ശേഷി കുറവായതിനാൽ ഒഴിവാക്കിയ 8 ബാറ്ററികൾ ഇപ്പോഴും നഗരസഭ സ്റ്റോർ റൂമിൽ സൂക്ഷിച്ചിരിക്കുകയാണ്. (ഓഡിറ്റ് എൻക്വയറി 27/21-12-2012 നുളള മറുപടി). പഴയ ബാറ്ററികൾ തിരിച്ച് നൽകി വേണമായിരുന്നു പുതിയ ബാറ്ററികൾ വാങ്ങേണ്ടിയിരുന്നത്. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല. ആയതിനാൽ പഴയ ബാറ്ററി ഉപയോഗപ്രദമല്ലെങ്കിൽ തിരിച്ച് നൽകി തുക നഗരസഭാ ഫണ്ടിൽ വരവ് വെച്ച വിവരം അറിയിക്കേണ്ടതാണ്.

**3(4) ഭവന/കിണർ നിർമ്മാണം പൂർത്തിയാക്കിയില്ല**

(1) എസ്.സി.ഡി.ഒ നിർവഹണം നടത്തിയ ഭവന പുനരുദ്ധാരണം (സ്പിൽ ഓവർ) (പ്രൊജക്ട് : 111/012) എന്ന പ്രൊജക്ടിന്റെ ഭാഗമായി ആദ്യ ഇൻസ്റ്റാൾമെന്റ് 5000 രൂപ

Local Fund Audit Department

വാങ്ങിയ ഓമല, കണക്കി വലിയട്ടിപറമ്പ് എന്നീ ഗുണഭോക്താക്കൾ പുനരുദ്ധാരണ പ്രവൃത്തി പൂർത്തിയാക്കുകയോ കൈപ്പറ്റിയ തുക തിരിച്ചടവാക്കുകയോ ചെയ്തിട്ടില്ല. (രജിസ്റ്റർ ക്രമ നമ്പർ : 111, 134)

(2) കിണർ നിർമ്മാണം എന്ന പ്രൊജക്ടിന്റെ (സ്പിൽ ഓവർ) (114/12) ഭാഗമായി 2009-10 വർഷം ആദ്യ ഗഡു 5000 രൂപ വീതം വാങ്ങിയ നീലകണ്ഠൻ.കെ.സി., മോഹൻദാസ്, ചിന്ന, തങ്കമാളു, രാമൻ, ഹരിദാസൻ എന്നീ ഗുണഭോക്താക്കൾ കിണർ നിർമ്മാണം പൂർത്തിയാക്കുകയോ കൈപ്പറ്റിയ തുക തിരിച്ചടവാക്കുകയോ ചെയ്തിട്ടില്ല.

മേൽ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തിയാക്കിയ/ധനസഹായ തുക തിരിച്ചടവാക്കിയ വിവരം പ്രഥമ മറുപടിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

**3(5) മുൻകൂർ - ക്രമീകരിക്കുന്നില്ല**

മുൻ വർഷങ്ങളിലെ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂർ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | തുക | റിമാർക്സ് |
|---|---|---|
| 1968 | 929 | ക്രമീകരിക്കാൻ അവശേഷിക്കുന്നവയിൽ ഭൂരിഭാഗവും ജീവനക്കാർക്ക് വിവിധ ആവശ്യങ്ങൾക്ക് നൽകിയ മുൻകൂറുകളാണ് എന്നത് ശ്രദ്ധേയമാണ്. മുൻകൂറുകൾ ക്രമീകരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. |
| 1969 | 15 | |
| 1970 | 1958 | |
| 1976 | 43000 | |
| 1977 | 161 | |
| 1978 | 33825 | |
| 1979 | 29265 | |
| 1980 | 11740 | |
| 1981 | 8521 | |
| 1982 | 834 | |
| 1983 | 1017 | |
| 1984 | 18491 | |
| 1985 | 11143 | |
| 1986 | 2307 | |
| 1987 | 3414 | |
| 1988 | 2128 | |
| 1989 | 7327 | |
| 1990 | 10912 | |
| 1991 | 10232 | |
| 1992 | 283919 | |
| 1993 | 74210 | |
| 1994 | 4850 | |
| 1995 | 2450 | |
| 1996 | 25330 | |
| 1997 | 52360 | |

Local Fund Audit Department

| | | |
|---|---|---|
| 1998 | 21530 | |
| 1999 | 18455 | |
| 2000 | 37595 | |
| 2001 | 14898 | |
| 2002 | 2700 | |
| 2003 | 4500 | |
| 2004 | 300 | |
| 2005 | 6600 | |
| 2006 | 12800 | |
| 2007 | 21200 | |
| 2008 | 5000 | |
| 2009 | 29000 | |
| 2010 | 82470 | |
| 2011 | 72000 | |
| ആകെ | 9,69,386 | |

ക്രമീകരണ വിവരം പ്രഥമ മറുപടിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

**3(6) അങ്കണവാടി സ്ഥലം വാങ്ങൽ - കെട്ടിട നിർമ്മാണം ഊർജ്ജിതമാക്കാൻ നിർദ്ദേശം**

13-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുകയിൽ നിന്ന്, അരുകിഴായ, മേലാക്കം എന്നീ അങ്കണവാടികൾക്ക് താഴെ പറയും പ്രകാരം 4,53,500/- രൂപ ചെലവഴിച്ച് സ്ഥലം വാങ്ങിയിട്ടുണ്ട്. സ്ഥലം വാങ്ങിയതിനാൽ അങ്കണവാടികൾക്ക് കെട്ടിട നിർമ്മാണം ഊർജ്ജിതമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

| ബിൽ നമ്പർ തീയതി | തുക | അങ്കണവാടി | റീസർവ്വേ നമ്പർ/ സർവ്വേ നമ്പർ | അളവ് |
|---|---|---|---|---|
| 12/11-12/31-3-12 | 2,53,500 | മേലാക്കം | സർവ്വേ നമ്പർ 127/3 | 3 ¼ സെന്റ് |
| 12/11-12/31-3-12 | 2,00,000 | സെന്റർ നമ്പർ 64 - അരുകിഴായ | റീസർവ്വേ നമ്പർ 375/1 | 2 സെന്റ് |
| ആകെ | 4,53,500 | | | |

**3(7) ശരിയായ ആസൂത്രണമില്ലാതെ പോഷകാഹാര പദ്ധതി നടപ്പിലാക്കിയത്**

2011-12 ൽ പൂരക പോഷണ പദ്ധതിക്കായി കേന്ദ്ര വിഹിതം വകയിരുത്താതെയാണ് പ്രൊജക്ട് അംഗീകാരം വാങ്ങി നടപ്പിലാക്കിയത്. പദ്ധതിക്കായി എസ്.001/12 നമ്പറായ പ്രൊജക്ട് പ്രകാരം വികസന ഫണ്ട് 75,00,000/- രൂപ മാത്രമാണ് വകയിരുത്തിയത്. 2011-12 ൽ പദ്ധതിക്കായി 92,39,336/- രൂപ ചെലവു വന്നു. 2012-13 ലാണ് ടി ചെലവുകൾ നടത്തിയതിനുള്ള തുക അനുവദിച്ചത്. പോഷകാഹാര വിതരണം മുടക്കം കൂടാതെ നടപ്പിലാക്കേണ്ടതിനാൽ പദ്ധതി ആസൂത്രണത്തിൽ അതീവ ശ്രദ്ധ പുലർത്തേണ്ടതാണ്. അധികമായി വന്ന 17,39,336/- രൂപയുടെ ചെലവ് വികസന ഫണ്ടിൽ നിന്ന് 4,21,589 രൂപയും കേന്ദ്ര വിഹിതത്തിൽ നിന്ന് 13,17,747/- രൂപയും ചേർത്ത് 2012-13 ൽ അനുവദിച്ചു നൽകിയിട്ടുണ്ട്.

Local Fund Audit Department

പൂരക പോഷണ പദ്ധതിക്കായി പ്രൊജക്ട് തയ്യാറാക്കുമ്പോൾ കേന്ദ്ര വിഹിതം കൂടി ഉൾപ്പെടുത്തി യാഥാർത്ഥ്യ ബോധത്തോടുകൂടി ഫണ്ട് വകയിരുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**3(8) കേന്ദ്ര വിഹിതം മുഴുവനും ലഭ്യമാക്കിയില്ല**

2010-11 ൽ അങ്കണവാടി പൂരക പോഷണ പദ്ധതിക്കായി പ്രൊജക്ട് നമ്പർ എസ്.0026/11 പ്രകാരം വികസന ഫണ്ടിൽ നിന്ന് 68,00,000/- രൂപയും കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം 21,65,691 രൂപയും ചേർത്ത് ആകെ 89,65,691/- രൂപ വകയിരുത്തിയിരുന്നു. എന്നാൽ 68,00,000/- രൂപ വികസന ഫണ്ടും കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം 9,73,563/- രൂപയുമാണ് ആ വർഷം ലഭ്യമായത്. 2010-11 ൽ അർഹമായ 11,92,128/- രൂപ കേന്ദ്ര വിഹിതം ലഭ്യമാക്കാൻ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

**3(9) നഗര വികസന പദ്ധതി - തുടർ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയില്ല - നഗരസഭക്ക് എതിരെ തുടർച്ചയായി വിധി വരുന്നു.**

നഗരസഭയുടെ പ്രധാന ജംഗ്ഷനുകളായ മഞ്ചേരി സെൻട്രൽ, കച്ചേരിപ്പടി, നെല്ലിപ്പറമ്പ്, മേലാക്കം, തുറക്കൽ പ്രദേശങ്ങളുടെ സമഗ്ര വികസനവും അതിലൂടെ നഗരസഭയുടെ വികസന സാധ്യതകൾ ഉറപ്പ് വരുത്തുന്നതിനുമായാണ് 1992 ൽ അഞ്ച് മേഖലകളുടെ നഗര വികസന കർമ്മ പരിപാടി (ഡി.റ്റി.പി. സ്കീം) രൂപകൽപ്പന ചെയ്തത്. 24/22-2-1992 തീരുമാന പ്രകാരം കൗൺസിലിന്റെ അംഗീകാരം നേടിയ പദ്ധതി പ്രായോഗികവൽകരിക്കുന്നതിനും ലാന്റ് അക്വിസിഷൻ ആക്ടിലെ സെക്ഷൻ 4(1) പ്രകാരമുളള നോട്ടിഫിക്കേഷൻ/അക്വിസിഷൻ നടപടികൾ പൂർത്തീകരിക്കുന്നതിനും സാധിച്ചില്ല. നഗരവികസന കർമ്മ പരിപാടിയുടെ (ഡി.റ്റി.പി. സ്കീം) പരിധിയിൽ വരുന്ന ഭൂപ്രദേശങ്ങളിൽ, തുടർന്ന്, കെട്ടിട നിർമ്മാണ അനുമതിക്കായി കൈവശക്കാർ നഗരസഭയെ സമീപിക്കുമ്പോൾ, ഡി.റ്റി.പി. സ്കീമിന്റെ ഭാഗമായ പ്രദേശങ്ങളിൽ നഗരസഭ നിർമ്മാണ അനുമതി നിഷേധിക്കുകയും ചെയ്യുന്നു. ഇതിനെതിരെ ഭൂവുടമകൾ നഗരസഭക്കെതിരെ കേസ് ഫയൽ ചെയ്യുകയും, ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരമുളള നടപടി ക്രമങ്ങൾ പൂർത്തിയാക്കാത്തതിനാൽ തുടർച്ചയായി നഗരസഭക്കെതിരെ കോടതി വിധി വരുന്നതായും വലിയ തുക കേസ് നടത്തിപ്പിനായി ചെലവഴിക്കുന്നതായും വൗച്ചറുകൾ പരിശോധിക്കുമ്പോൾ വ്യക്തമാവുന്നു. സ്യൂട്ട് രജിസ്റ്റർ പ്രകാരം ആകെയുളള 72 കേസുകളിൽ ഭൂരിഭാഗവും ഇത്തരത്തിൽ നിർമ്മാണ അനുമതി നിഷേധിച്ചതിനെതിരെ ഫയൽ ചെയ്ത കേസുകളാണ് എന്നും വ്യക്തമാവുന്നു. യഥാസമയം തുടർ നടപടികൾ സ്വീകരിക്കാത്തതിനാൽ നഗര വികസന സാധ്യതകൾക്ക് തടസ്സം നേരിട്ടത് വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മേൽ നഗരവികസന സ്കീമുകൾ പുതുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട് എന്നും ആയതിന് സർക്കാർ അംഗീകാരം കിട്ടിയിട്ടുണ്ട് എന്നും അറിയിച്ചു.

നഗര വികസന ബാധ്യതകൾക്ക് ഗതിവേഗം പകരുന്നതിനായി ഡി.റ്റി.പി. സ്കീമുകൾ പരിഷ്കരിക്കുന്ന നടപടി ത്വരിതപ്പെടുത്തേണ്ടതാണ്.

**3(10) വിൻഡോ രൂപത്തിൽ പത്രപ്പരസ്യം പ്രസിദ്ധീകരിച്ചില്ല**

പൊതുഭരണ (ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് - ഡി) വകുപ്പ് സ.ഉ.(അച്ചടിച്ചത്) 01/04/ഐ.ആന്റ്.പി.ആർ 1-1-04 ഉത്തരവു പ്രകാരം ദർഘാസ് പരസ്യങ്ങൾ

ഇനി മുതൽ പൂരണ്ണ രൂപത്തിൽ പ്രസിദ്ധീകരിക്കുന്നതല്ല എന്നും അടിസ്ഥാന വിവരങ്ങൾ ഉൾക്കൊളളുന്ന വിൻഡോ പരസ്യങ്ങൾ മാത്രമേ പത്രത്തിൽ പ്രസിദ്ധീകരിക്കുകയുളളുവെന്നും അറിയിച്ചിരുന്നു. പൂർണ്ണ രൂപത്തിലുളള പരസ്യങ്ങൾ സർക്കാർ വെബ്സൈറ്റിൽ ലഭിക്കുന്നതാണെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. 3 × 2 കോളം വലിപ്പത്തിലുളള വിൻഡോ രൂപത്തിലുളള പരസ്യങ്ങൾ സർക്കുലർ നമ്പർ 7441/ഡി-1/04/ഐ.ആന്റ്.പി.ആർ/21-6-04 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ബാധകമാക്കിയിട്ടുണ്ട്. അതിനാൽ നിർദ്ദേശം പാലിച്ച് ഭാവിയിൽ ഈ ഇനത്തിൽ അധിക ചെലവ് വരാതെ ശ്രദ്ധിക്കേണ്ടതാണ്.

**3(11) ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കിയ റോഡ് പ്രവൃത്തികൾ - അപാകതകൾ 2011-12**

നഗരസഭയിൽ 2011-12 വർഷത്തിൽ മിക്ക റോഡ് പ്രവൃത്തികളും ഗുണഭോക്തൃ സമിതി മുഖേനയാണ് നടപ്പിലാക്കിയിട്ടുളളത്. എന്നാൽ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിലും, ഓഡിറ്റ് എൻക്വയറി നമ്പർ 12 ന് നഗരസഭ നൽകിയ മറുപടിയിലും, സാങ്കേതിക വൈദഗ്ദ്ധ്യം ആവശ്യമായ റോഡ് പ്രവൃത്തികൾ പുറം കരാർ മുഖേനയാണ് നടപ്പിലാക്കിയത് എന്ന് കാണുകയുണ്ടായി. ഗുണഭോക്തൃ സമിതിയുമായി നഗരസഭ ഏർപ്പെട്ട കരാറിൽ ഇപ്രകാരം യൂണിറ്റ് നിരക്കിൽ പുറം കരാർ നൽകാൻ വ്യവസ്ഥയുളളതായി കാണുന്നു. എന്നാൽ കരാറിലെ താഴെ പറയുന്ന വ്യവസ്ഥകൾ ഗുണഭോക്തൃ സമിതി പാലിച്ചതായി കാണുന്നില്ല.

(1) പ്രവൃത്തിയ്ക്കായി ഗുണഭോക്തൃ സമിതി സ്വരൂപിക്കുന്ന പണം ബാങ്കിൽ നിക്ഷേപിച്ച് അതിൽ നിന്നും ചെലവ് ചെയ്ത് കൃത്യമായ കണക്ക്, മസ്റ്റർ റോൾ, വൗച്ചർ, ക്യാഷ് ബിൽ എന്നിവ സൂക്ഷിക്കുന്ന സമ്പ്രദായം മിക്ക പ്രവൃത്തികളിലും പാലിച്ചിട്ടില്ല. (കരാർ വ്യവസ്ഥ 3, 4 അനുബന്ധം 11)

(2) പ്രവൃത്തിയ്ക്ക് ആവശ്യമുളള പ്രധാന നിർമ്മാണ വസ്തുവായ ബിറ്റുമിൻ നഗരസഭ വാങ്ങി നൽകുകയോ, പുറം കരാറുകാരൻ ബിറ്റുമിൻ വാങ്ങിയതിന്റെ ക്യാഷ് ബില്ല് സമർപ്പിക്കുകയോ ചെയ്തിട്ടില്ല. മേൽപ്പറഞ്ഞ പ്രകാരം പ്രവൃത്തി പുറം കരാർ വ്യവസ്ഥയിൽ നൽകിയപ്പോൾ, പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, ബിൽ എന്നിവയിൽ ഉൾപ്പെടുത്തി ഈടാക്കിയ നികുതി/ക്ഷേമനിധി വിഹിതങ്ങൾ (വാറ്റ് 4%, നിർമ്മാണ തൊഴിലാളി ക്ഷേമനിധി 1%) യഥാർത്ഥത്തിൽ പുറം കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതിന് പകരം നഗരഭ വഹിക്കേണ്ടി വരികയും, ഈയിനത്തിൽ നഗരസഭയ്ക്ക് നഷ്ടം സംഭവിക്കുകയും ചെയ്തതായി കാണുന്നു. എന്നാൽ ആദായ നികുതിയിനത്തിൽ ഈടാക്കേണ്ട 1% തുക പ്രവൃത്തിയുടെ ചെലവിൽ ഉൾപ്പെടുത്താതെ ബില്ലിൽ നിന്നും കിഴിവ് വരുത്തിയിട്ടുണ്ട്.

അപാകതകൾ ഭരണ സമിതിയുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നു.

**3-12 ഓഫീസ് - കം ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിട നിർമ്മാണം - ആർകിടെക്റ്റ് ഫീസ് - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല**

ഫയൽ - ഇ1/20653/10, ഇ1/134/2012

നഗരസഭയിൽ ഓഫീസ് - കം ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം നിർമ്മിക്കുന്നതിനായി പ്ലാൻ, എസ്റ്റിമേറ്റ്, ഡിസൈൻ എന്നിവ തയ്യാറാക്കുന്നതിന് ക്രിയേറ്റീവ് കൺസൽട്ടന്റ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിരുന്നു. കൺസൽട്ടന്റിന് ഫീസ് ഇനത്തിൽ 3,35,439/- രൂപ

Local Fund Audit Department

നൽകിയകായി ഫയലിൽ പരാമർശമുണ്ട്. സർക്കാരിന്റെ അംഗീകൃത പാനലിൽ ഇല്ലാത്ത സ്ഥാപനങ്ങൾക്ക് കൺസൽട്ടന്റ് ഫീസ് നൽകണമെങ്കിൽ സർക്കാരിന്റെ അംഗീകാരം ആവശ്യമായതിനാൽ, ആയത് ലഭിക്കുന്നതിനായി കൗൺസിൽ തീരുമാന പ്രകാരം അപേക്ഷ നൽകിയിരുന്നു. ടെണ്ടർ നടപടി തുടർന്നു വരവെ 6-2-2008 ലെ 3-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം, ഷോപ്പിംഗ് കോംപ്ലക്സ് മാത്രം മതിയെന്ന് തീരുമാനിക്കുകയും, പ്രസ്തുത ടെണ്ടർ റദ്ദ് ചെയ്യുകയുമുണ്ടായി. അതിനിടെ 28-12-2011 ലെ 33746/ഡി.ബി.2/11/ത.സ്വ.ഭ.വ. കത്ത് പ്രകാരം ടെണ്ടർ റദ്ദ് ചെയ്തതു മൂലം നഗരസഭയ്ക്ക് കൺസൽട്ടന്റ് ഫീസ് ഇനത്തിൽ 3,35,439/- രൂപയുടെ നഷ്ടം സംഭവിച്ചതായും ആയത് ഉത്തരവാദിയായവരിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സർക്കാർ ആവശ്യപ്പെടുകയുണ്ടായി.

01-02-2012 ലെ ഇ1/134/2012 കത്ത് പ്രകാരം ബോധപൂർവ്വം നഷ്ടം വരുത്തിയതല്ലെന്ന് കാണിച്ച് സർക്കാരിലേയ്ക്ക് വിശദീകരണം നൽകിയിട്ടുണ്ടെങ്കിലും സർക്കാരിന്റെ അന്തിമ തീരുമാനം ഫയലിൽ ലഭ്യമായിട്ടില്ല.

വിഷയം കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തി സർക്കാർ സാധൂകരണം വാങ്ങുകയോ, പ്രസ്തുത നഷ്ടം തിരിച്ചു പിടിക്കുന്നതിനായി നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

**3(13) മാലിന്യ സംസ്കരണം - ഫലപ്രദമാവുന്നില്ല**

നഗരസഭയിൽ പ്രതിദിനം 22 ടൺ മാലിന്യം സൃഷ്ടിക്കപ്പെടുന്നു. (ഫയൽ - പി.4/11941/04). നഗരമാലിന്യങ്ങൾ ഫലപ്രദമായി സംസ്കരിക്കുന്നതിലും Municipal Solid Waste (Management & Handling) Rules - 2000, Environmental (Protection) Act - 1986 എന്നിവയിലെ വ്യവസ്ഥകൾ പാലിക്കുന്നതിലും നഗരസഭ വീഴ്ച വരുത്തുന്നു. മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് താഴെ കൊടുത്ത പദ്ധതികളുടെ പുരോഗതിയില്ലായ്മ തടസ്സം സൃഷ്ടിക്കുന്നു.

1) 25 ലക്ഷം ചെലവ് ചെയ്ത് സ്ഥാപിക്കാൻ ഉദ്ദേശിച്ച ഇൻസിനറേറ്റർ, ഉപകരണം വാങ്ങി മൂന്ന് വർഷം കഴിഞ്ഞിട്ടും പ്രവർത്തനസജ്ജമാക്കുന്നതിൽ നഗരസഭ പരാജയപ്പെട്ടു.

2) ജൈവ മാലിന്യങ്ങൾ സംസ്കരിച്ച് ബയോഗ്യാസ് ഉൽപ്പാദിപ്പിക്കുന്നതിനായി മാർക്കറ്റിൽ 1000 കി.ഗ്രാം സംസ്കരണ ശേഷിയുള്ള പ്ലാന്റ് സ്ഥാപിക്കാൻ ഐ.ആർ.റ്റി.സി. പാലക്കാടിന് അഡ്വാൻസ് നൽകി. എന്നാൽ പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

3) മാലിന്യങ്ങൾ തരം തിരിക്കാതെയാണ് സംസ്കരണ കേന്ദ്രത്തിലേക്ക് എത്തിക്കുന്നത്.

4) Windrow Composting, Wermic Composting എന്നിവ പൂർണ്ണ തോതിൽ പ്രവർത്തനമില്ല.

5) ഖര മാലിന്യങ്ങൾ land fill ചെയ്ത് സംസ്കരിക്കുന്നതിന് 0.63 ഏക്കർ സ്ഥലം നഗരസഭക്ക് സ്വന്തമായുണ്ട്. എന്നാൽ മാലിന്യങ്ങൾ വേർതിരിക്കാതെ സ്വീകരിക്കുന്നതിനാൽ land filling ഫലപ്രദമാവുന്നില്ല.

6) നഗരസഭാ പ്രദേശത്ത് പ്ലാസ്റ്റിക് നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ ശക്തമല്ല.

Local Fund Audit Department

യഥാസമയം വേർതിരിക്കുകയും സംസ്കരിക്കുകയും ചെയ്യാത്ത മാലിന്യങ്ങൾ ആരോഗ്യത്തിനും, പരിസ്ഥിതിക്കും ആവാസ വ്യവസ്ഥയ്ക്ക് തന്നെയും ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നു. മാലിന്യങ്ങൾ ഫലപ്രദമായി സംസ്കരിക്കാത്ത തിനാൽ ഉണ്ടാകുന്ന സാമൂഹ്യവും പാരിസ്ഥിതികവുമായ പ്രത്യാഘാതങ്ങൾ മനസ്സിലാക്കി, ഉചിതവും പ്രായോഗികവുമായ നടപടികളിലൂടെ ജനങ്ങളുടെ ആരോഗ്യവും പരിസ്ഥിതിയും സംരക്ഷിക്കാനുളള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**3(14) കുടുംബശ്രീ സംവിധാനം പ്രവർത്തനക്ഷമമല്ല**

സ്ത്രീ ശാക്തീകരണത്തിനും പ്രാദേശിക സാമ്പത്തിക വികസനത്തിനും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന സാമൂഹ്യാധിഷ്ഠിത സംവിധാനമാണ് കുടുംബശ്രീ. പ്രാഥമിക തലത്തിൽ അയൽക്കൂട്ടങ്ങൾ, മധ്യ തലത്തിൽ ഏരിയാ ഡെവലപ്മെന്റ് സൊസൈറ്റി (എ.ഡി.എസ്), അപ്പക്സ് തലത്തിൽ കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റി (സി.ഡി.എസ്) എന്നീ രീതിയിൽ ഇവ പ്രവർത്തിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷനിൽ നിന്നും ലഭിക്കുന്ന തുക സി.ഡി.എസ്. ന് കൈമാറേണ്ടതും സി.ഡി.എസ്. ഈ തുക ഉപയോഗിച്ച് മേൽ പ്രസ്താവിച്ച വിധം വിവിധങ്ങളായ പ്രവർത്തനം നടത്തേണ്ടതുമാണ്.

നഗരസഭയിൽ നിന്നും 2010-11, 11-12 വർഷങ്ങളിൽ താഴെ പറയും പ്രകാരം 9,34,781 രൂപ സി.ഡി.എസ്. അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 1819, ഇൻഡ്യൻ ഓവർസീസ് ബാങ്ക്, മഞ്ചേരി) മാറ്റിയിട്ടുണ്ട്.

| വൗച്ചർ നമ്പർ/ചെക്ക് നമ്പർ | തുക | ഉദ്ദേശ്യം |
|---|---|---|
| 915/18-2-12 | 40,000 | എസ്.ജെ.എസ്.ആർ.വൈ |
| 192693/27-2-12 | 8,94,781 | ,, |
| | 9,34,781 രൂപ | |

ഇത് കൂടാതെ കുടുംബശ്രീ തനത് ഫണ്ട് ഇനത്തിലുമുളള വരവുകൾ ഈ അക്കൗണ്ടിൽ വരുന്നുണ്ട്. 31-3-2012 ൽ ഈ അക്കൗണ്ടിൽ 88,90,093.50 രൂപ അവശേഷിക്കുന്നുണ്ട്.

ഈ അക്കൗണ്ടിൽ നിന്നും താഴെ പറയുന്ന ചെലവുകളാണ് നടത്തുന്നത്.

(1) കെ.യു.ആർ.ഡി.എഫ്.സി. ലോൺ തിരിച്ചടവ്
(2) തനത് ഫണ്ട് ചെലവ്
(3) എസ്.ജെ.എസ്.ആർ.വൈ. ചെലവ്

മേൽ അക്കൗണ്ട് കൂടാതെ മഞ്ചേരി സർവ്വീസ് സഹകരണ ബാങ്കിൽ മറ്റൊരു അക്കൗണ്ട് കൂടി നിലവിലുണ്ട് (A/c No. SBI/01616)

**അപാകതകൾ**

(1) സിഡി.എസ്സിന്റെ പ്രവർത്തനം ഓഡിറ്റ് കാലയളവിൽ നിർജ്ജീവമാണ്. കുടുംബശ്രീയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് വേണ്ട യാതൊരു പ്രവർത്തനങ്ങളും

Local Fund Audit Department

സി.ഡി.എസ്. ന്റെ ഭാഗത്ത് നിന്ന് ഉള്ളതായി കാണുന്നില്ല. അക്കൗണ്ട് നമ്പർ 1819 ൽ 31-3-12 ൽ അവശേഷിക്കുന്ന 88,90,093/- രൂപ ഏത് ഫണ്ടിനത്തിലുള്ളതാണെന്ന് പോലും നിലവിലുള്ള ഭരണ സമിതിക്കോ മെമ്പർ സെക്രട്ടറിക്കോ വിശദീകരിക്കാൻ കഴിഞ്ഞിട്ടില്ല. എസ്.ജെ.എസ്.ആർ.വൈ. ഫണ്ടിനത്തിൽ ലഭിച്ച 9,34,781 രൂപ അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. ആയതിനാൽ ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തി ഏതെല്ലാം ഇനത്തിലുള്ള ഫണ്ടാണ് അക്കൗണ്ടിൽ അവശേഷിക്കുന്നത് എന്ന വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(2) ഓഡിറ്റ് കാലയളവിൽ എസ്.ജെ.എസ്.ആർ.വൈ. ഇനത്തിൽ താഴെ പറയും പ്രകാരം 24,600/- രൂപ ചെലവഴിച്ചിട്ടുണ്ട്.

| ചെക്ക് നമ്പർ | തുക |
|---|---|
| 760012/5-1-12 | 3000 |
| 760013/5-1-12 | 13300 |
| 760014/1-2-12 | 1500 |
| 760015/1-2-12 | 1900 |
| 760022/16-3-12 | 1500 |
| 760024/16-3-12 | 1500 |
| 760025/16-3-12 | 1900 |

24,600 രൂപ

മേൽ തുക സി.ഡി.എസ് ചെയർ പേഴ്സന്റെയും മെമ്പർ സെക്രട്ടറിയുടെയും റമ്യൂണറേഷൻ നൽകുന്നതിനാണ് ചെലവഴിച്ചിട്ടുള്ളത്. നിലവിലുള്ള അക്കൗണ്ടിൽ ഏതെല്ലാം ഫണ്ടിനത്തിലുള്ള തുകയാണ് ഉള്ളത് എന്നറിയാതെയാണ് എസ്.ജെ.എസ്.ആർ.വൈ. ഫണ്ടിനത്തിൽ ചെലവ് എന്ന് രേഖപ്പെടുത്തിയിരിക്കുന്നത്. മാത്രമല്ല എസ്.ജെ.എസ്.ആർ.വൈ. ഫണ്ടിൽ നിന്നും റമ്യൂണറേഷൻ നൽകിയതും ശരിയായ നടപടിയല്ല. ഇക്കാര്യത്തിന് വിശദീകരണം നൽകേണ്ടതാണ്.

(3) മഞ്ചേരി സർവീസ് സഹകരണ ബാങ്കിൽ 28-8-2000 ൽ 50,000/- രൂപ ഡെപ്പോസിറ്റ് ചെയ്ത് (ഓഡിറ്റ് എൻക്വയറി നമ്പർ 32/24-12-12 നുള്ള മറുപടി പ്രകാരം) ഒരു അക്കൗണ്ട് തുടങ്ങിയതായി കാണുന്നുണ്ട്. (അക്കൗണ്ട് നമ്പർ SBI/01616). എന്നാൽ ഈ അക്കൗണ്ടിൽ ഓഡിറ്റ് തീയതി വരെ യാതൊരു ഇടപാടുകളും നടത്തിയിട്ടില്ല. 28-9-12 ൽ 62268/- രൂപ ഈ അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. ഏത് പദ്ധതി നടപ്പിലാക്കാനാണ് ഈ അക്കൗണ്ട് തുടങ്ങിയതെന്ന് വിശദമാക്കേണ്ടതാണ്. കൂടാതെ ടി അക്കൗണ്ട് ക്ലോസ് ചെയ്ത് തുക ഏത് ഫണ്ടിൽ നിന്നാണോ ലഭിച്ചത് ആ ഫണ്ടിലേക്ക് തന്നെ തിരിച്ചടവാക്കേണ്ടതാണ്.

**3(15) ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി - നിർവഹണത്തിലെ അപാകതകൾ**

ദാരിദ്ര്യ രേഖക്ക് താഴെയുള്ള എല്ലാ ഭവന രഹിതർക്കും വീട് നൽകുക, എല്ലാ ഭൂരഹിത ഭവന രഹിതർക്കും സ്ഥലവും വീടും നൽകുക എന്നീ ലക്ഷ്യങ്ങളോടെ 2009-11 കാലയളവിൽ നടപ്പാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയായ ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി മഞ്ചേരി നഗരസഭയിലും നടപ്പിലാക്കുന്നുണ്ട്.

Local Fund Audit Department

പ്രൊജക്ട് ഓഫീസർ യു.പി.എ. സെൽ, പട്ടികജാതി വികസന ഓഫീസർ എന്നീ രണ്ട് നിർവഹണോദ്യോഗസ്ഥർക്കാണ് ഈ പദ്ധതി നടപ്പിലാക്കാനുള്ള ചുമതല നഗരസഭയിൽ നൽകിയിരിക്കുന്നത്.

പദ്ധതിയുടെ ധനകാര്യ വിശകലനം താഴെ കൊടുക്കുന്നു.

പദ്ധതിയുടെ മൊത്തം വരവ്

| നിർവഹണോദ്യോഗസ്ഥൻ | തുക (രൂപ) | അക്കൗണ്ട് നമ്പർ |
|---|---|---|
| പ്രൊജക്ട് ഓഫീസർ | 20028850 | സി.എ. 991. മഞ്ചേരി സർവീസ് സഹകരണ അർബൻ ബാങ്ക് |
| പട്ടികജാതി വികസന | 4625000 | സി.എ. 990 |
| ഓഫീസർ | 5710500 | സി.എ 991 |
| | 30364350 | |

30-7-11 ൽ സി.എ. 991 അക്കൗണ്ട് ക്ലോസ് ചെയ്ത് ബാലൻസ് തുക 1,65,80,805 രൂപ അതേ ബാങ്കിലെ പുതുതായി തുടങ്ങിയ എസ്.ബി. 12627 ൽ നിക്ഷേപിച്ചു. 12-10-2011 ൽ ഈ അക്കൗണ്ടിൽ അവശേഷിച്ചിരുന്ന 1,64,04,399 രൂപയിൽ 1,44,00,000 രൂപ 13-10-11 ന് ഫിക്സഡ് ഡെപ്പോസിറ്റ് ആക്കി മാറ്റി. (എഫ്.ഡി. നമ്പർ 41711). 31-3-2012 ൽ 10,48,943 രൂപ ഈ അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. (എഫ്.ഡി. ഇനത്തിൽ 1,44,00,000 രൂപയും അവശേഷിക്കുന്നു).

**പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ**

1) വായ്പ ലഭ്യമാക്കിയില്ല

2010-11 മുതൽ പത്ത് വർഷക്കാലയളവിൽ ലഭിക്കുന്ന പൊതു വിഭാഗം വികസന ഫണ്ട് ഉപയോഗിച്ച് തിരിച്ചടക്കുന്ന രീതിയിൽ വായ്പ ലഭ്യമാക്കി വീടും വീട്/സ്ഥലവും നൽകുക എന്നതാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നതെന്ന് 7-11-2009 ലെ സ.ഉ.(എം.എസ്) 207/2009/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗ രേഖയിലെ ഖണ്ഡിക 5 ൽ വ്യക്തമാക്കുന്നുണ്ട്. എല്ലാ തലത്തിലെയും തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഈ പദ്ധതി നടപ്പാക്കുന്നതിന് വായ്പയെടുക്കണമെന്നും 2009-10 ൽ അനുവദനീയമായ വികസന ഫണ്ടിന്റെ ഒന്നര ഇരട്ടി തുക വരെ വായ്പയെടുക്കാവുന്നതാണെന്നും ടി ഉത്തരവിലെ ഖണ്ഡിക 14 ൽ പറയുന്നുണ്ട്. വായ്പയുടെ ഒന്നാം ഗഡു ലഭിച്ചതിനു ശേഷം മാത്രമെ വികസന ഫണ്ട് ഉൾപ്പെടെയുള്ള മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള വിഹിതം ഈ പദ്ധതിക്കായി നഗരസഭാ ചെയർ പേഴ്സന്റെയും നിർവഹണോദ്യോഗസ്ഥന്റെയും പേരിൽ ആരംഭിക്കുന്ന സംയുക്ത ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കാൻ പാടുള്ളു എന്ന് ടി ഉത്തരവിന്റെ ഖണ്ഡിക 16-5 ൽ നിഷ്കർഷിക്കുന്നുണ്ട്.

എന്നാൽ മേൽ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ച വിധം നഗരസഭ വായ്പയിനത്തിൽ ഒരു രൂപ പോലും പദ്ധതി നടപ്പാക്കുന്നതിനായി കണ്ടെത്തിയിട്ടില്ല. പകരം വികസന ഫണ്ടിൽ നിന്നും മൊത്തം പണവും കണ്ടെത്തി ടി തുക ട്രഷറിയിൽ നിന്നും മുൻകൂറായി പിൻവലിച്ച് ബാങ്കിൽ നിക്ഷേപിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇത്തരത്തിൽ മൊത്തം 3,03,64,350/- രൂപ താഴെ പറയും പ്രകാരം ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ട്.

Local Fund Audit Department

| അക്കൗണ്ട് നമ്പർ | തീയതി | തുക | നിർവഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| സി.എ. 991<br>(മഞ്ചേരി സർവീസ് സഹകരണ അർബൻ ബാങ്ക്) | 25-3-10<br>30-3-10<br>26-3-11<br>26-3-11 | 7125000<br>8062000<br>2241850<br>2600000 | പ്രൊജക്ട് ഓഫീസർ, യു.പി.എ. സെൽ |
| സി.എ. 990 | 25-3-10<br>4-3-11 | 3525000<br>1100000 | പട്ടികജാതി വികസന ഓഫീസർ |
| സി.എ. 992 | 25-3-10<br>13-4-10<br>7-3-11 | 2660000<br>2019000<br>1031500 | പട്ടികജാതി വികസന ഓഫീസർ |
| | ആകെ | 3,03,64,350 രൂപ | |

മുൻ പ്രസ്താവിച്ച സർക്കാർ ഉത്തരവിലെ ഖണ്ഡിക 16 ന് വിരുദ്ധമായി വായ്പയുടെ ഒന്നാം ഗഡു ലഭിക്കുന്നതിന് മുമ്പ് തന്നെ വികസന ഫണ്ടിൽ നിന്ന് 3,03,64,350/- രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് ബാങ്കിൽ നിക്ഷേപിച്ചതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വായ്പ ലഭ്യമാക്കാതെ മുഴുവൻ തുകയും വികസന ഫണ്ടിൽ നിന്നും ഉപയോഗിച്ച നടപടിക്ക് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കേണ്ടതുമാണ്.

പത്ത് വർഷം കൊണ്ട് തിരിച്ചടക്കാവുന്ന വായ്പ ലഭ്യമാക്കിയിരുന്നുവെങ്കിൽ നഗരസഭക്ക് ഏകദേശം 30 ലക്ഷം രൂപ മാത്രമേ ഈയിനത്തിൽ പിൻവലിക്കേണ്ടി വരുമായിരുന്നുള്ളു. അവശേഷിക്കുന്ന 2,70,00,000 രൂപ മറ്റ് വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുകയും ചെയ്യാമായിരുന്നു.

2) <u>ആവശ്യത്തിലധികം ഫണ്ട് അവശേഷിച്ചിരിക്കെ ഗുണഭോക്താക്കളെ പോലും കണ്ടെത്താതെ വീണ്ടും പ്രൊജക്ട് വെച്ചു.</u>

12/2010 ലെ കണക്കുകൾ പ്രകാരം യു.പി.എ. പ്രൊജക്ട് ഓഫീസറുടെ വരവ് ചെലവ് താഴെ പറയും പ്രകാരമാണ്.

| ഇനം | വരവ് (രൂപ) | ചെലവ് (രൂപ) | നീക്കിബാക്കി (രൂപ) |
|---|---|---|---|
| വീട് | 7125000 | 2707500 | 4417500 |
| സ്ഥലം | 8062000 | 200485 | 7861515 |
| | | ആകെ | 1,22,79,015 |

ഈ പദ്ധതിക്കായി മേൽ പ്രകാരം 1,22,79,015/- രൂപ അവശേഷിക്കേയാണ്, ഗുണഭോക്താക്കളെ പോലും കണ്ടെത്താതെ താഴെ പറയും പ്രകാരം 69,73,350/- രൂപയുടെ പ്രൊജക്ടിന് അംഗീകാരം വാങ്ങി ടി തുക ട്രഷറിയിൽ നിന്നും മുൻകൂറായി പിൻവലിച്ച് നിർവഹണോദ്യോഗസ്ഥന്റെ അക്കൗണ്ടിൽ നിക്ഷേപിക്കുന്നത്.

| പ്രൊജക്ട് | തുക | അക്കൗണ്ടിൽ നിക്ഷേപിച്ചത് |
|---|---|---|
| 23/10-11 | 2600000 വീട് | 26-3-11 |
| 24/10-11 | 2241850 സ്ഥലം | 26-3-11 |
| | 48,41,850 | |

Local Fund Audit Department

പട്ടികജാതി വികസന ഓഫീസർക്ക് താഴെ പറയും പ്രകാരം 21,31,500 രൂപയും അനുവദിച്ചിട്ടുണ്ട്.

| പ്രൊജക്ട് | തുക | അക്കൗണ്ടിൽ നിക്ഷേപിച്ചത് |
|---|---|---|
| 105/10-11 | 1100000 വീട് | 4-3-11 |
| 106/10-11 | 1031500 സ്ഥലം | 7-3-11 |
| | 21,31,500 | |

1,22,79,015 രൂപ ബാക്കിയിരിക്കേയാണ് വീണ്ടും 69,73,350 രൂപയുടെ പ്രൊജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങുകയും ടി തുക മുൻകൂറായി ട്രഷറിയിൽ നിന്ന് പിൻവലിക്കുകയും ചെയ്തിരിക്കുന്നത്. ഇക്കാര്യം വിശദമാക്കേണ്ടതാണ്.

3) ഭൂമി വാങ്ങൽ - അധികത്തുക നൽകിയത് തിരികെ ഈടാക്കേണ്ടതാണ്.

ശ്രീ.വി.ഷരീഫ് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുളള 1.301 ഏക്കർ സ്ഥലം സെന്റൊന്നിന് 48,381 രൂപ നിരക്കിൽ നഗരസഭ വാങ്ങിയിട്ടുണ്ട്. ആയതിന്റെ വിലയായി 885346/3-4-12 നമ്പർ ചെക്ക് പ്രകാരം 62,96,368 രൂപ നൽകിയിട്ടുണ്ട്. എന്നാൽ അനുവദനീയമായ തുക 62,96,368 രൂപയാണ്. (48381 × 130.1) അധികം നൽകിയ 2000 രൂപ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

കൂടാതെ വാങ്ങിയ ഭൂമി ഗുണഭോക്താക്കളുടെ പേരിൽ രജിസ്റ്റർ ചെയ്ത് നൽകിയതായി കാണുന്നില്ല. ഭൂമി ഉപയോഗപ്രദമാക്കാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

4) വികസന ഫണ്ട് കറന്റ് അക്കൗണ്ടിൽ നിക്ഷേപിച്ചു : പലിശയിനത്തിൽ നഷ്ടം 10,60,607 രൂപ

ഇ.എം.എസ്. ഭവന പദ്ധതിക്കായി വികസന ഫണ്ടിൽ നിന്നും പിൻവലിച്ച 3,03,64,350/- രൂപ മഞ്ചേരി സഹകരണ അർബൻ ബാങ്കിലെ പലിശ ലഭിക്കാത്ത കറന്റ് അക്കൗണ്ടിലാണ് നിക്ഷേപിച്ചിരുന്നത്. ടി അക്കൗണ്ടുകളിൽ അവശേഷിക്കുന്ന തുക 30-7-11 ൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റി. 25-3-10 മുതൽ 29-7-11 വരെ പലിശയിനത്തിൽ ലഭിക്കാമായിരുന്ന 10,62,707/- രൂപയാണ് നഗരസഭക്ക് ഇത് വഴി നഷ്ടമായത്.

സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ 10-ാം തീയതിക്കും 30/31-ാം തീയതിക്കും ഇടയിൽ അവശേഷിക്കുന്ന കുറഞ്ഞ ബാലൻസ് തുകക്കാണ് ടി ബാങ്കിൽ 2/11 വരെ 3.5% നിരക്കിലും 3/11 മുതൽ 4% നിരക്കിലും വാർഷിക പലിശ നൽകുന്നതെന്ന് ബാങ്കുമായി ബന്ധപ്പെട്ടപ്പോൾ അറിയാൻ കഴിഞ്ഞു. അത് പ്രകാരം നഗരസഭക്കുണ്ടായ നഷ്ടം താഴെ പറയും പ്രകാരമാണ്.

(എ) അക്കൗണ്ട് നമ്പർ സി.എ. 991

നിർവഹണ ഉദ്യോഗസ്ഥൻ - പ്രൊജക്ട് ഓഫീസർ, യു.പി.എ. സെൽ

അക്കൗണ്ട് തുടങ്ങിയത് - 25-3-10

ഓരോ മാസത്തെയും മിനിമം ബാലൻസ്

Local Fund Audit Department

| മാസം | ബാലൻസ് തുക | പലിശ 3.5%/4% നിരക്കിൽ |
|---|---|---|
| 3/10 (25-3-10 - 31-3-10 3.5% നിരക്കിൽ) | 15187000 | 10002 |
| 4/10 | 14939490 | 43574 |
| 5/10 | 14219490 | 41474 |
| 6/10 | 13675205 | 39886 |
| 7/10 | 13366505 | 38986 |
| 8/10 | 13066505 | 38111 |
| 9/10 | 12608975 | 36776 |
| 10/10 | 12578975 | 36689 |
| 11/10 | 12578975 | 36689 |
| 12/10 | 12233975 | 35682 |
| 1/11 | 12033975 | 35099 |
| 2/11 | 11966475 | 34902 |
| 3/11 (4% നിരക്കിൽ) | 11891475 | 39638 |
| 4/11 | 16620805 | 55403 |
| 5/11 | 16613305 | 55378 |
| 6/11 | 16598305 | 55328 |
| 7/11 (29-7-11 വരെ) | 16580805 | 51704 |
| | | 685321 |

(ബി) അക്കൗണ്ട് നമ്പർ സി.എ. 990 - 25-3-10 ൽ തുടങ്ങി
നിർവഹണ ഉദ്യോഗസ്ഥൻ - എസ്.സി.ഡി.ഒ

| മാസം | തുക | പലിശ |
|---|---|---|
| 3/10 (25.3.10 - 31.3.10) 3.5% നിരക്കിൽ | 3524990 | 2322 |
| 4/10 | 3344990 | 9756 |
| 5/10 | 3214990 | 9377 |
| 6/10 | 2894990 | 8444 |
| 7/10 | 2687490 | 7839 |
| 8/10 | 2657490 | 7751 |
| 9/10 | 2477480 | 7226 |
| 10/10 | 2437480 | 7109 |
| 11/10 | 2417480 | 7051 |
| 12/10 | 2357480 | 6876 |
| 1/11 | 2077480 | 6059 |
| 2/11 | 2007480 | 5855 |
| 3/11 (4% നിരക്കിൽ) | 2947470 | 9825 |
| 4/11 | 2947470 | 9825 |
| 5/11 | 2927470 | 9825 |
| 6/11 | 2917470 | 9725 |
| 7/11 (29-7-11 വരെ) | 2917470 | 9098 |
| | | 133963 |

Local Fund Audit Department

(സി) അക്കൗണ്ട് നമ്പർ സി.എ. 992 - 25-3-10 ന് തുടങ്ങി
നിർവഹണ ഉദ്യോഗസ്ഥൻ - എസ്.സി.ഡി.ഒ

| മാസം | തുക | പലിശ |
|---|---|---|
| 3/10 (25.3.10 - 31.3.10) - 3.5% നിരക്കിൽ | 2659990 | 1752 |
| 4/10 | 4678990 | 13647 |
| 5/10 - 8/10 (4 മാസം) | 4688990 | 54705 |
| 9/10 - 11/10 (3 മാസം) | 4688980 | 41029 |
| 12/10 - 2/11 (3 മാസം) | 4498980 | 39366 |
| 3/11 - 5/11 (3 മാസം 4% നിരക്കിൽ) | 5630470 | 56305 |
| 6/11 | 5350470 | 17835 |
| 7/11 (29-7-11 വരെ) | 5350470 | 16684 |
| | | 241323 |

ആകെ നഷ്ടം : 685321 + 133963 + 241323 = 10,60,607 രൂപ

വികസന ഫണ്ടിൽ നിന്നും തുക പിൻവലിച്ച് കറണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചതിന് വ്യക്തമായ വിശദീകരണം നൽകേണ്ടതും മേൽ പ്രകാരമുള്ള നഷ്ടത്തുക 10,62,707/- രൂപ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

**3(16) കച്ചേരിപ്പടി ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് ഉദ്ഘാടനം കഴിഞ്ഞിട്ടും പ്രവർത്തനമാരംഭിച്ചില്ല**

മഞ്ചേരി കച്ചേരിപ്പടിയിൽ നഗരസഭ പണി കഴിപ്പിച്ച ബസ്സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് 4-8-12 ന് സിവിൽ വർക്കുകൾ പൂർത്തിയാക്കി കോൺട്രാക്ടർ നഗരസഭയെ ഏൽപ്പിക്കുകയും 19-11-2012 ന് ബഹു. കേരള മുഖ്യമന്ത്രി ശ്രീ.ഉമ്മൻചാണ്ടി ഇതിന്റെ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. (2007-08 ലെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 2(37) ആയി ബസ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് സംബന്ധിച്ച് പരാമർശിച്ചിട്ടുണ്ട്).

പ്രവൃത്തിയുടെ ഏഴാം പാർട്ട് ബിൽ പ്രകാരം ആകെ പ്രവൃത്തി മൂല്യം 65059210 രൂപയാണ്. ഉദ്ഘാടനം കഴിഞ്ഞുവെങ്കിലും ബസ്റ്റാന്റ് പ്രവർത്തനമാരംഭിച്ചിട്ടില്ല. വൈദ്യുതീകരണ പ്രവൃത്തികൾ പൂർത്തിയാകാത്തതാണ് കാരണം.

ഷോപ്പിംഗ് കോംപ്ലക്സിൽ ആകെ 69 മുറികളാണുള്ളത്. ഇതിൽ 26 മുറികൾ മാത്രമാണ് ലേലം ചെയ്തത്.

ബസ്സ്റ്റാന്റ് നിർമ്മാണത്തിനായി കെ.യു.ആർ.ഡി.എഫ്.സി. യിൽ നിന്ന് എടുത്ത ലോൺ 28893750 രൂപയിൽ 6/12 വരെ 8535257 രൂപ മുതലും 10438098 രൂപ പലിശയും അടവാക്കി. 2.03 കോടി രൂപ ഇനിയും ലോണിലേക്ക് തിരിച്ചടക്കാനവശേഷിക്കുന്നു.

വൈദ്യുതി ലഭ്യമാക്കുന്നതിനായി ട്രാൻസ്ഫോർമർ നിർമ്മാണ പ്രവൃത്തി പുരോഗമിക്കുന്നതായും വൈദ്യുതീകരണവും പ്ലംബിംഗും ഉൾപ്പെടെ എല്ലാ പ്രവൃത്തികളും പൂർത്തീകരിക്കുന്നതോടെ നഗരത്തിലെ തിരക്കൊഴിവാക്കുന്നതിനായി ബസ്സ്റ്റാന്റ് പൂർണ്ണ സജ്ജമാക്കുമെന്നും അതിനു മുമ്പായി അവശേഷിക്കുന്ന മുറികൾ ലേലം ചെയ്യാൻ നടപടി സ്വീകരിക്കുമെന്നും ഓഡിറ്റിന്റെ എക്സിറ്റ് മീറ്റിംഗിൽ നഗരസഭാ കൗൺസിൽ അറിയിച്ചു.

Local Fund Audit Department

അവശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ച് അർഹമായ അനുമതികൾ നേടി ബസ്സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനും ഇതുവഴി നഗരസഭക്കുണ്ടാകുന്ന സാമ്പത്തിക നേട്ടങ്ങൾ കൈവരിക്കാൻ സമയബന്ധിതമായ നടപടികൾ സ്വീകരിക്കണമെന്നും നിർദ്ദേശിക്കുന്നു.

**3(17) ആയുർവേദ ഡിസ്പൻസറികളിലേക്ക് മരുന്ന് വിതരണം**

പ്രൊജക്ട് നമ്പർ എസ്.007/2012, എസ്.004/2012 എന്നിവ വഴി 4 ലക്ഷം രൂപയുടെ മരുന്നുകൾ ഔഷധിയിൽ നിന്ന് വാങ്ങുന്നതിനായി 19-1-2012 ഔഷധി രശീതി 1371, 1372 എന്നിവ പ്രകാരം തുക അടവാക്കിയെങ്കിലും മരുന്നു വിതരണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

അപാകതകൾ

1. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 27-2-2006 ലെ 13160/എ1-2010/ത.സ്വ.ഭ.വ. സർക്കുലർ നിർദ്ദേശം അവഗണിച്ച് മരുന്ന് വിതരണവുമായി ബന്ധപ്പെട്ട് യാതൊരുവിധ കരാറുടമ്പടിയും വെക്കാതെ 4 ലക്ഷം രൂപ മുൻകൂറായി ഔഷധിക്ക് നൽകി.

2. മരുന്നിന്റെ വില മുൻകൂർ നൽകി 2 മാസം കഴിഞ്ഞിട്ടും മുഴുവൻ മരുന്നുകളും ലഭ്യമാക്കുവാൻ ഔഷധിയോട് രേഖാമൂലം ആവശ്യപ്പെട്ടില്ല.

3. ഇനിയും ലഭിക്കാനുള്ള 9185 രൂപയുടെ മരുന്നുകൾ ഉടൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**3(18) ഗ്രന്ഥശാലയ്ക്ക് പുസ്തകങ്ങൾ വാങ്ങി നൽകി - ലൈബ്രേറിയനെ നിയമിച്ചിട്ടില്ല.**

ആലി മുസ്ല്യാർ സ്മാരക ലൈബ്രറിയ്ക്ക് പ്രൊജക്ട് നമ്പർ എസ്. 0281/12 ആയി 1,00,000/- രൂപ വികസന ഫണ്ട് വകയിരുത്തി ഇംഗ്ലീഷ് മലയാള പുസ്തകങ്ങൾ വാങ്ങി നൽകാൻ പദ്ധതി ആവിഷ്കരിച്ചു. ബിൽ നമ്പർ 9/11-12/26-3-12 പ്രകാരം 'നവഭാരത് ബുക്ക് സ്റ്റാൾ' മഞ്ചേരിയിൽ നിന്ന് പുസ്തകങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. 1,00,000/- രൂപ ചെലവഴിച്ച് പുസ്തകങ്ങൾ വാങ്ങി ലൈബ്രറിയ്ക്ക് നൽകിയെങ്കിലും ലൈബ്രേറിയനെ ഇനിയും നിയമിച്ചിട്ടില്ല. ലൈബ്രേറിയനെ നിയമിച്ച് ലൈബ്രറി പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്.

**3(19) വിനോദ നികുതി**

നഗരസഭയിൽ 2010-11 ൽ ആറ് സിനിമാ തിയറ്ററുകളും 11-12 ൽ 2012 ജനുവരി വരെ 6 എണ്ണവും ഫെബ്രുവരി മുതൽ 5 എണ്ണവും പ്രവർത്തിച്ചിരുന്നു.

ഓഡിറ്റിന് ഹാജരാക്കിയ വാർഷിക കണക്കുകൾ പ്രകാരം 10-11 ലെ വിനോദ നികുതി പിരിവ് 28,28,976 രൂപയും 11-12 ലെ പിരിവ് 28,36,909 രൂപയുമാണ്. വിനോദ നികുതിയിനത്തിൽ കുടിശിക, ബാലൻസ് എന്നിവയില്ല. ടിക്കറ്റ് മുദ്രണ രജിസ്റ്ററും വിനോദ നികുതി ഡിമാന്റ് രജിസ്റ്ററും ഓരോ തിയറ്ററിനും പ്രത്യേകം ഫയലും സൂക്ഷിക്കുന്നുണ്ട്. തിയറ്ററുകൾക്ക് നിയമാനുസൃതം ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ട്.

Local Fund Audit Department

ഡിമാന്റ് രജിസ്റ്ററിൽ വാർഷിക സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ നികുതിത്തുകയുടെ കൃത്യത പരിശോധിക്കാനായില്ല. ഡിമാന്റ് രജിസ്റ്റർ പൂർത്തിയാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. നഗരസഭാ അധികൃതർ തിയറ്റർ പരിശോധന കൂടുതൽ കാര്യക്ഷമമാക്കേണ്ടതുമാണ്.

## 3(20) പരസ്യ നികുതി - ലഘു അവലോകനം

കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 271 പ്രകാരം ഒരു മുനിസിപ്പൽ പ്രദേശത്തെ ഏതെങ്കിലും ഭൂമിയിലോ കെട്ടിടത്തിൻമേലോ, ചുമരിൻമേലോ, പരസ്യപ്പലകയിൻമേലോ, എടുപ്പിൻമേലോ അല്ലെങ്കിൽ അതിന്റെ മുകളിലോ ഏതെങ്കിലും പരസ്യം കുത്തനെ നിർത്തുകയോ, പ്രദർശിപ്പിക്കുകയോ ഉറപ്പിച്ചു വയ്ക്കുകയോ വച്ചുകൊണ്ടിരിയ്ക്കുകയോ ചെയ്യുകയോ അങ്ങനെയുള്ള പ്രദേശത്തെ ഏതെങ്കിലും പരസ്യം ഏതെങ്കിലും വിധത്തിൽ പ്രദർശിപ്പിയ്ക്കുകയോ ചെയ്യുന്ന ഏതൊരാളും അങ്ങനെ പ്രദർശിപ്പിക്കുന്ന ഏതൊരു പരസ്യത്തിനും സർക്കാരിന്റെ അംഗീകാരത്തോടു കൂടി കൗൺസിൽ പ്രമേയം മൂലം നിശ്ചയിക്കുന്ന നിരക്കുകളിലും വിധത്തിലും കണക്കാക്കപ്പെടുന്ന നികുതി, അപ്രകാരം നിശ്ചയിക്കാവുന്ന ഒഴിവുകൾക്കു വിധേയമായി കൊടുക്കേണ്ടതാണ്. മഞ്ചേരി നഗരസഭയിൽ പരസ്യ നികുതിയിനത്തിൽ കിട്ടുന്ന വരുമാനം പ്രധാനമായും ബസ്സ്സ്റ്റാന്റ് കേന്ദ്രീകരിച്ചിട്ടുള്ള പരസ്യ പ്രദർശനത്തിലൂടെയാണ് ലഭ്യമാകുന്നത്. പരസ്യ നികുതി പിരിച്ചെടുക്കുന്നതിനായി ഒരു വർഷത്തെ കരാറടിസ്ഥാനത്തിൽ ലേലത്തിന് വയ്ക്കുന്നു. സാധാരണ ലേല നിബന്ധനകളെല്ലാം ഇതിനും ബാധകമാണ്. ലേല ഫയൽ പരിശോധനയിൽ ബസ്സ്റ്റാന്റിൽ പരസ്യം പ്രദർശിപ്പിച്ച് പരസ്യ ചാർജ്ജ് പിരിച്ചെടുക്കുന്നതിനുള്ള കുത്തകാവകാശം ഒരു വർഷത്തിനു പകരം പതിനഞ്ചു വർഷം വരെയെങ്കിലും നീട്ടണമെന്ന് ലേലക്കാർ ആവശ്യമുന്നയിച്ചിരിക്കുന്നതായി കണ്ടു. എന്നാൽ അത് ലേല നിബന്ധനകൾക്ക് വിരുദ്ധമായതിനാൽ കൗൺസിലിന്റെ അംഗീകാരത്തോടെ മൂന്ന് വർഷത്തേക്ക് കാലാവധി നീട്ടികൊടുത്തിട്ടുണ്ട്. ഇങ്ങനെ പരസ്യച്ചാർജ്ജ് പിരിച്ചെടുക്കുന്നതിനുള്ള കുത്തകാവകാശം ഒരാൾക്ക് അനുവദിയ്ക്കുന്നതിലൂടെ അതിനു പകരമായി ബസ്സ്റ്റാന്റും പരിസരവും ആധുനികവൽക്കരിക്കപ്പെടുത്തുമെന്നുള്ള ഗുണവുമുണ്ട്. പരസ്യ നികുതിയിനത്തിൽ 2010-11 വർഷത്തിൽ വരുമാനമൊന്നും ലഭ്യമായിട്ടില്ല. 2011-12 വർഷത്തിൽ 85,001/- രൂപയും വരുമാനം കിട്ടിയിട്ടുണ്ട്. ഈയിനത്തിൽ 2003-04 വർഷം മുതൽ 2999/- രൂപ കുടിശ്ശിക കിടക്കുന്നത് 2011-12 വർഷം വരെയും പിരിച്ചെടുത്തിട്ടില്ല. ഈയിനത്തിലുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിലൂടെയും ബുദ്ധിപൂർവമായി ലേല നടപടികൾ നടത്തുന്നതിലൂടെയും പരസ്യ നികുതിയിലുള്ള വരുമാനം വർദ്ധിപ്പിയ്ക്കേണ്ടതാണ്.

## 3(21) തൊഴിലുറപ്പ് പദ്ധതി - അവലോകനം

അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ പ്രാഥമിക പ്രവർത്തനങ്ങൾക്കായി 86,628 രൂപ ചെലവഴിച്ചു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| Forms | 75394 |
| Digital Camera | 5992 |
| Net connection | 1774 |
| Data Entry | 3468 |

Local Fund Audit Department

കൂടാതെ 4/11 മുതൽ 6/12 വരെ ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെയും ഓവർസിയറുടെയും സേവനവും പ്രയോജനപ്പെടുത്തിയിട്ടുണ്ട്. 2011-12 വാർഷിക പദ്ധതിയും ലേബർ ബഡ്ജറ്റും തയ്യാറാക്കി അംഗീകാരം നേടിയെങ്കിലും മതിയായ ഫണ്ട് ലഭ്യമാവാത്തതിനാൽ പദ്ധതി ആരംഭിച്ചിട്ടില്ല.

തുടർന്ന്, ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിൽ നിന്ന് 2012-13 വർഷ ലേബർ ബഡ്ജറ്റ് തയ്യാറാക്കി സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും, 2012-13 വർഷ ലേബർ ബഡ്ജറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല. കരാർ കാലാവധി കഴിഞ്ഞതിനാൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ഓവർസിയർ എന്നിവർക്ക് പുനർ നിയമനം നൽകിയിട്ടുമില്ല.

തൊഴിലുറപ്പ് പദ്ധതിയുടെ 75387 പി.എൻ.ബി. അക്കൗണ്ടിൽ 305012 രൂപ അവശേഷിക്കുന്നു. 2012-13 വർഷ ലേബർ ബഡ്ജറ്റ് നാളിതുവരെ തയ്യാറാക്കാതിരുന്ന നടപടിക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3(22) പെൻഷൻ ഫണ്ടുകൾ - ഒരു ലഘു അവലോകനം

### എ) സെൻട്രൽ പെൻഷൻ ഫണ്ടും മുനിസിപ്പൽ പെൻഷൻ ഫണ്ടും

നഗരസഭയിലെ റഗുലർ എസ്റ്റാബ്ലിഷ്മെന്റിൽപ്പെട്ട എല്ലാ വിഭാഗം ജീവനക്കാർക്കും പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനുളള വ്യവസ്ഥകൾ 1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് - കം - റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിൽ പ്രതിപാദിക്കുന്നുണ്ട്. ഈ ചട്ടങ്ങൾ പ്രകാരം പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനു വേണ്ടി ഡയറക്ടറുടെ മേൽനോട്ടത്തിലും നിയന്ത്രണത്തിലും സെൻട്രൽ പെൻഷൻ ഫണ്ട് എന്ന പേരിൽ ഒരു ഫണ്ട് ആരംഭിച്ച് കൈകാര്യം ചെയ്യേണ്ടതാണ്. പെൻഷൻ നൽകുന്നതിനു വേണ്ടി നഗരസഭാ സെക്രട്ടറി സർക്കാർ ട്രഷറിയിലോ ദേശസാൽകൃത ബാങ്കിലോ നിലനിർത്തേണ്ട സേവിംഗ്സ് ബാങ്ക് അക്കൗണ്ടാണ് മുനിസിപ്പൽ പെൻഷൻ ഫണ്ട്.

ഈ ചട്ടങ്ങളിലെ ചട്ടം 7(2), 8 എന്നിവ പ്രകാരം, ഓരോ ജീവനക്കാരന്റെയും പ്രതിമാസ മൊത്ത വേതനത്തിന്റെ 15% പെൻഷൻ വിഹിതമായി അതത് മാസം 25-ാം തീയതിക്കു മുമ്പ് സെൻട്രൽ പെൻഷൻ ഫണ്ടിൽ വരവു വയ്ക്കുന്നതിലേക്ക് ഡയറക്ടർക്ക് നഗരസഭാ സെക്രട്ടറി അയച്ചു കൊടുക്കേണ്ടതാണ്.

ചട്ടം 9(4) അനുസരിച്ച്, പെൻഷൻ നൽകാനാവശ്യമായ തുക അനുവദിക്കാൻ പെൻഷണർമാരുടെ പട്ടിക സഹിതം എല്ലാ വർഷവും ഫെബ്രുവരി മാസം അവസാനിക്കുന്നതിനു മുമ്പ് സെക്രട്ടറി ഡയറക്ടർക്ക് അപേക്ഷിക്കേണ്ടതും ഡയറക്ടർ മാർച്ച് 31 നകം തുക അനുവദിച്ച് സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും സെക്രട്ടറിക്ക് നൽകേണ്ടതുമാണ്. ഇപ്രകാരം ലഭിക്കുന്ന തുക സെക്രട്ടറി മുനിസിപ്പൽ പെൻഷൻ ഫണ്ടിൽ വരവ് വയ്ക്കേണ്ടതാണ്. ഈ ഫണ്ടിലെ പണം പെൻഷൻ ആനുകൂല്യം നൽകുന്നതിനല്ലാതെ മറ്റൊരു ആവശ്യത്തിനും ഉപയോഗിക്കാൻ പാടില്ലാത്തതാണ്.

എന്നാൽ നഗരസഭാ ജീവനക്കാരുടെ പെൻഷൻ വിഹിതം സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കുന്നതിലും സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്ന് പെൻഷൻ വിഹിതം അനുവദിക്കുന്നതിലും മേൽപ്പറഞ്ഞ ചട്ടങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നില്ല.

Local Fund Audit Department

നഗരസഭാ ജീവനക്കാരുടെ മാസാന്ത പെൻഷൻ വിഹിതം 2011 മാർച്ചിനു ശേഷം സെൻട്രൽ പെൻഷൻ ഫണ്ടിൽ നഗരസഭ ഒടുക്കിയിട്ടില്ല. ഈയിനത്തിൽ 2011 ഏപ്രിൽ മുതൽ 2012 സെപ്തംബർ വരെ 23,32,769 രൂപ സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് നഗരസഭ ഒടുക്കുവാനുണ്ട്. വിശദ വിവരം ചുവടെ :

പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ അടവാക്കാനവശേഷിക്കുന്ന തുക

| **മാസം/വർഷം** | **അടവാക്കാനുളള തുക** |
|---|---:|
| ഏപ്രിൽ - 11 | 138168 |
| മെയ് - 11 | 125895 |
| ജൂൺ - 11 | 118974 |
| ജൂലൈ - 11 | 115648 |
| ഓഗസ്റ്റ് - 11 | 121336 |
| സെപ്റ്റംബർ - 11 | 116839 |
| ഒക്ടോബർ - 11 | 116346 |
| നവംബർ - 11 | 132028 |
| ഡിസംബർ - 11 | 130457 |
| ജനുവരി - 12 | 131851 |
| ഫെബ്രുവരി - 12 | 133202 |
| മാർച്ച - 12 | 133279 |
| ഏപ്രിൽ - 12 | 133828 |
| മെയ് - 12 | 133828 |
| ജൂൺ - 12 | 140558 |
| ജൂലൈ - 12 | 140558 |
| ഓഗസ്റ്റ് - 12 | 131861 |
| സെപ്റ്റംബർ - 12 | 138113 |

ആകെ 23,32,769 രൂപ

(നിലവിൽ 44 റഗുലർ ജീവനക്കാരാണ് നഗരഭയിലുളളത്)

അതുപോലെ, സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്ന് 7/12 വരെ 1,33,83,169 രൂപ അലോട്ട്മെന്റ് ഇനത്തിൽ നഗരസഭയ്ക്ക് കിട്ടാനുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| | | |
|---|---|---|
| 28-2-12 വരെ ലഭിക്കാനുളള കുടിശിക | - | 11367814 |
| 3/12 മുതൽ 7/12 വരെ നൽകിയ പെൻഷൻ തുക (കമ്മ്യൂട്ടേഷൻ കിഴിച്ച്) | - | 1739897 |
| പെൻഷൻ ആനുകൂല്യങ്ങൾ (ഗ്രാറ്റുവിറ്റി, കമ്മ്യൂട്ടേഷൻ മുതലായവ) നൽകുന്നതിനായി ചെലവഴിച്ച തുക | - | 511796 |
| ആകെ നഗരസഭക്ക് ലഭിക്കാനുളള തുക | - | 1,36,19,507 |

Local Fund Audit Department

| | | |
|---|---|---|
| 11-12 ൽ ലഭിച്ച പെൻഷൻ അലോട്ട്മെന്റ് | - | 2,36,338 |
| 7/12 വരെ അലോട്ട്മെന്റ് ഇനത്തിൽ നഗരസഭക്ക് ലഭിക്കാനുള്ള തുക | - | 1,33,83,169 |
| | | ========= |

ഇപ്പോൾ 33 റഗുലർ പെൻഷണർമാരാണ് നഗരസഭയിലുള്ളത്. ഇവർക്ക് നഗരസഭാ ഫണ്ടിൽ നിന്നാണ് പെൻഷൻ ആനുകൂല്യങ്ങൾ നൽകി വരുന്നത്. മഞ്ചേരി സബ് ട്രഷറിയിലുള്ള മുനിസിപ്പൽ പെൻഷൻ ഫണ്ട് അക്കൗണ്ട് (ടി.പി.എ. - 360) 7/2005 നു ശേഷം യാതൊരു ഇടപാടും നടത്താതെ നിർജ്ജീവാവസ്ഥയിലാണ്. 1-4-11 ന് ഈ അക്കൗണ്ടിലെ നീക്കിയിരിപ്പ് 9004 രൂപയാണ്. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്ന് ലഭിക്കുന്ന വിഹിതം നഗരസഭാ ഫണ്ടിലാണ് നിക്ഷേപിക്കുന്നത്.

**ബി) മുനിസിപ്പൽ കണ്ടിജന്റ് എംപ്ലോയീസ് പെൻഷൻ ഫണ്ട്**

നഗരസഭാ ഫുൾടൈം കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ വ്യവസ്ഥ ചെയ്യുന്ന 1997 ലെ കേരള മുനിസിപ്പൽ കണ്ടിജന്റ് എംപ്ലോയീസ് ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് ചട്ടങ്ങൾ (ജി.ഒ (പി) 96/97/എൽ.എ.ഡി. തീയതി 3-5-97) പ്രകാരം, 'മുനിസിപ്പൽ കണ്ടിജന്റ് എംപ്ലോയീസ് പെൻഷൻ ഫണ്ട്' എന്ന പേരിൽ ട്രഷറിയിൽ ഒരു സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിച്ച്, ഓരോ ജീവനക്കാരന്റെയും പ്രതിമാസ മൊത്ത വേതനത്തിന്റെ 15% പെൻഷൻ വിഹിതമായി ഈ ഫണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.

എന്നാൽ നഗരസഭ നാളിതുവരെയും ഇപ്രകാരം ഒരു പെൻഷൻ ഫണ്ട് ആരംഭിച്ചിട്ടില്ല. കണ്ടിജന്റ് ജീവനക്കാർക്കും തനത് ഫണ്ടിൽ നിന്നാണ് പെൻഷൻ നൽകി വരുന്നത്. ഈ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷനും അടവാക്കുന്നില്ല. നിലവിൽ 21 കണ്ടിജന്റ് പെൻഷണർമാരാണ് നഗരസഭയിൽ നിന്ന് പെൻഷൻ കൈപ്പറ്റുന്നത്.

വിരമിച്ച ജീവനക്കാർക്ക് യഥാസമയം പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് ചട്ടങ്ങൾ ഉണ്ടായിരിക്കെ, ഈ വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നതിൽ നഗരസഭയും നഗരകാര്യ ഡയറക്ടറേറ്റും വീഴ്ച വരുത്തിയിട്ടുണ്ട്. പെൻഷൻ കോൺട്രിബ്യൂഷൻ യഥാസമയം അടവാക്കാൻ നഗരസഭക്കും സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്ന് കൃത്യമായി പെൻഷൻ വിഹിതം അനുവദിക്കാൻ ഡയറക്ടർക്കും സാധിച്ചില്ല. ഇത് തനതു ഫണ്ടിൽ നിന്ന് പെൻഷൻ നൽകേണ്ട സാഹചര്യമുണ്ടാക്കി. തനതു ഫണ്ടിൽ നിന്ന് പെൻഷൻ നൽകേണ്ടി വന്നതിനാൽ പല വികസന പ്രവർത്തനങ്ങൾക്കും പണം കണ്ടെത്താനായില്ലെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

പെൻഷൻ ഫണ്ടിന്റെ പ്രവർത്തനങ്ങൾ യഥാവിധി നടക്കാത്തതിനാൽ പല നഗരസഭകളിലും പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കാത്ത ജീവനക്കാർ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ഇവർക്ക് പെൻഷൻ നൽകുന്നതു വരെ ഗവൺമെന്റ് സെക്രട്ടറിയുൾപ്പെടെയുള്ളവരുടെ ശമ്പളം നൽകാൻ പാടില്ലയെന്ന് പ്രതികൂലാഭിപ്രായം രേഖപ്പെടുത്തി ഹൈക്കോടതി വിധിന്യായം പുറപ്പെടുവിക്കുകയും ചെയ്തത് ഈ സാഹചര്യത്തിൽ പ്രത്യേകം പ്രസ്താവ്യമാണ്.

ആയതിനാൽ പെൻഷൻ ഫണ്ടുകളുടെ പ്രവർത്തനം ചട്ടപ്രകാരം വ്യവസ്ഥാപിതമാക്കുന്നതിന് അധികൃതർ അടിയന്തിര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

Local Fund Audit Department

**3(23) ജനറൽ പർപ്പസ് ഗ്രാന്റ് വിനിയോഗം - ഒരു ലഘു അവലോകനം**

രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം മോട്ടോർ വാഹന നികുതി പരിഹാര തുക, വസ്തു കൈമാറ്റ നികുതി, അടിസ്ഥാന നികുതി മുതലായ ഏൽപ്പിക്കപ്പെട്ട/വിഭജിച്ച് നൽകുന്ന നികുതികൾക്ക് പകരമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ കൈമാറുന്നതാണ് ജനറൽ പർപ്പസ് ഗ്രാന്റ്. ഇത് സംസ്ഥാന ഗവൺമെന്റിന്റെ തനതു നികുതി വരുമാനത്തിന്റെ 3.5% വരുന്ന തുകയാണ്. ജനറൽ പർപ്പസ് ഗ്രാന്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവകാശപ്പെട്ട തുകയായതിനാൽ അത് ലാപ്സാകുന്നതല്ല. ജനറൽ പർപ്പസ് ഗ്രാന്റ് (ജി.പി.ജി) ഏതെല്ലാം ആവശ്യങ്ങൾക്ക് വിനിയോഗിക്കാമെന്ന് ജി.ഒ.(എം.എസ്) 330/2004/ത.സ്വ.ഭ.വ. തീയതി 9-12-2004 ൽ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

2010-11, 11-12 വർഷങ്ങളിൽ നഗരസഭക്ക് ലഭിച്ച/നഗരസഭ ചെലവഴിച്ച ജി.പി.ജി. യുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | **2010-11** | **2011-12** |
|---|---|---|
| മുന്നിരിപ്പ് | 2953687 | 2772683 |
| വരവ് | 9197000 | 19799047 |
| ആകെ | 12150687 | 22571730 |
| ചെലവ് | 9471253 | 16412732 |
| നീക്കിയിരിപ്പ് | 2679434 +<br>93249 (റ്റി.സി)<br>2772683 | 6158998 +<br>488211 (റ്റി.സി.)<br>6647209 |

(കുറിപ്പ് : 2011-12 ലെ വരവിൽ അൺടൈഡ് ഫണ്ടായി ലഭിച്ച 50 ലക്ഷം രൂപയും ഉൾപ്പെടുന്നു. എ.സി.ആർ. പ്രകാരം 11-12 ലെ നീക്കിയിരിപ്പ് 6649487 രൂപയാണ്)

ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്ന് കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം ഇനത്തിൽ ഒടുക്കുവാനുള്ള തുകയും 'പഞ്ചായത്ത് രാജ്' മാസികയുടെ തുകയും എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരുടെ ശമ്പളവും കുറവു ചെയ്താണ് നഗരസഭക്ക് തുക ലഭിച്ചത്.

താഴെ പറയുന്ന ആവശ്യങ്ങൾക്കു വേണ്ടിയാണ് നഗരസഭ ജി.പി.ജി. ചെലവഴിച്ചിരിക്കുന്നത്.

1) നഗരസഭാ ജീവനക്കാരുടെ (റഗുലർ & കണ്ടിജന്റ്) ശമ്പളവും അലവൻസുകളും.

2) റഗുലർ & കണ്ടിജന്റ് പെൻഷണർമാരുടെ പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും (ഡി.സി.ആർ.ജി., കമ്മ്യൂട്ടേഷൻ മുതലായവ)

3) ചെയർമാന്റെയും കൗൺസിലർമാരുടെയും ഓണറേറിയം, സിറ്റിംഗ് ഫീ, യാത്രാബത്ത.

4) തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്

Local Fund Audit Department

5) ഏതാനും മരാമത്ത് പണികൾ (റോഡ് പ്രവൃത്തി, പൈപ്പ്ലൈൻ നീട്ടൽ, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ മുതലായവ).

6) കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ വൈദ്യുതി ചാർജ്, നടത്തിപ്പു ചെലവ്

7) ലൈബ്രറി സെസ് ഒടുക്കൽ

ജനറൽ പർപ്പസ് ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖ (ജി.ഒ (എം.എസ്) 330/04/തസ്വഭവ. തീയതി 9-12-04) പ്രകാരം, തദ്ദേശ ഭരണ സ്ഥാപനം തീരുമാനിക്കുന്ന പ്രകാരം ജി.പി.ജി. ഏത് ആവശ്യത്തിനും വിനിയോഗിക്കാവുന്നതാണ്. എങ്കിലും മുൻഗണന നൽകേണ്ട ചുമതലപ്പെട്ട ചെലവുകളുടെ വിവരം ടി ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും ജി.പി.ജി. യിൽ നിന്ന് വിതരണം ചെയ്തത് ചട്ട വിരുദ്ധമാണ്. പെൻഷൻ നൽകേണ്ടത് ഇതിനായി രൂപീകരിച്ച പെൻഷൻ ഫണ്ടിൽ നിന്നാകണമെന്ന് 1996 ലെ കേരള മുനസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് - കം - റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങൾ, 1997 ലെ കേരള മുനിസിപ്പൽ കണ്ടിജന്റ് എംപ്ലോയീസ് ഡെത്ത് - കം - റിട്ടയർമെന്റ് ബെനിഫിറ്റ് ചട്ടങ്ങൾ എന്നിവ അനുശാസിക്കുന്നുണ്ട്.

**<u>3(24) നഗരസഭാ വാഹനങ്ങളുടെ ഉപയോഗം</u>**

മുനിസിപ്പാലിറ്റികളിലെ മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും ഫലപ്രദമായി നിയന്ത്രിക്കുന്നതിനും അവയുടെ ദുരുപയോഗം തടയുന്നതിനുമായി 2000 ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ നിലവിൽ വന്നു. ഈ ചട്ടങ്ങൾ പ്രകാരം മുനിസിപ്പാലിറ്റിയുടെ എല്ലാ വാഹനങ്ങളുടെയും കസ്റ്റോഡിയൻ - ആഫീസർ സെക്രട്ടറി ആയിരിക്കുന്നതും സെക്രട്ടറിക്ക് ഈ ചട്ടപ്രകാരമുള്ള അധികാരങ്ങൾ എഞ്ചിനീയർ, ഹെൽത്ത് ആഫീസർ, ടൗൺ പ്ലാനിംഗ് ആഫീസർ, റവന്യു ആഫീസർ മുതലായവർക്ക് നിയമാനുസൃതം ഏൽപ്പിച്ചു കൊടുക്കാവുന്നതുമാണ്.

ഓരോ വാഹനത്തെ സംബന്ധിച്ചും കസ്റ്റോഡിയൻ - ആഫീസർ താഴെ പറയുന്ന രജിസ്റ്ററുകളും റെക്കോർഡുകളും സൂക്ഷിക്കേണ്ടതാണ്.

1) ലോഗ് ബുക്ക്
2) പെട്രോൾ, ഡീസൽ, ഓയിൽ മുതലായവയ്ക്കുള്ള ഓർഡർ ബുക്ക്
3) ഡി.സി.ബി. രജിസ്റ്റർ (വാടക ഈടാക്കുന്ന കേസുകളിൽ)
4) റിപ്പയർ രജിസ്റ്റർ
5) സ്റ്റോക്ക് രജിസ്റ്റർ (സ്പെയർ പാർട്ട്, ഉപകരണങ്ങൾ മുതലായവയുടെ)
6) ഫ്യുവൽ രജിസ്റ്റർ

ഓരോ അർദ്ധ വർഷത്തിന്റെയും ആരംഭത്തിൽ, മുൻ അർദ്ധ വർഷത്തിൽ ഓരോ വാഹനത്തിനും ചെലവായ തുകയെ സംബന്ധിച്ചും അതിൽ നിന്നും വാടക ഇനത്തിൽ ലഭിച്ച തുകയെ സംബന്ധിച്ചും കസ്റ്റോഡിയൻ - ആഫീസർ ഫൈനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റിക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. ഓരോ വാഹനത്തിനും ലോഗ് ബുക്ക് സൂക്ഷിക്കേണ്ടതും കസ്റ്റോഡിയൻ - ആഫീസർ ഇടയ്ക്കിടെ ലോഗ് ബുക്ക് പരിശോധിച്ച് അതിൽ വിവരം രേഖപ്പെടുത്തേണ്ടതുമാണ്. ആറു മാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ

Local Fund Audit Department

ഡിപ്പാർട്ട്മെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതും ഇന്ധന ഉപയോഗത്തെ സംബന്ധിച്ച് ഒരു സർട്ടിഫിക്കറ്റ് ആ ഉദ്യോഗസ്ഥൻ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഓരോ വാഹനവും നിശ്ചിത ഇടവേളകളിൽ സർവീസിംഗിന് വിധേയമാക്കേണ്ടതാണ്.

വാഹനങ്ങൾ മുനിസിപ്പാലിറ്റിയുടെ ഗ്യാരേജിൽ സൂക്ഷിക്കേണ്ടതും കസ്റ്റോഡിയൻ ആഫീസർ അതിന്റെ സുരക്ഷിതത്വം ഉറപ്പു വരുത്തേണ്ടതുമാണ്. വാഹനത്തിന്റെ ഇന്ധന ടാങ്കിൽ പൂർണമായും (ഫുൾ കപ്പാസിറ്റി) ഇന്ധനം നിറക്കേണ്ടതാണ്.

മുനിസിപ്പാലിറ്റിയുടെ എല്ലാ വാഹനങ്ങളുടെയും അറ്റകുറ്റപ്പണികളുടെ ചുമതല മുനിസിപ്പാലിറ്റിയുടെ എഞ്ചിനീയറിൽ നിക്ഷിപ്തമാണ്. എഞ്ചിനീയറുടെ ശുപാർശ പ്രകാരം, വാഹനത്തിന്റെ അറ്റകുറ്റപ്പണികൾക്കാവശ്യമായ നടപടികൾ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്. മുനിസിപ്പാലിറ്റി എഞ്ചിനീയർ വാഹനങ്ങൾ കാലാകാലങ്ങളിൽ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണെന്നും ഈ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.

ഓഡിറ്റ് എൻക്വയറിക്ക് നഗരസഭ നൽകിയ മറുപടിയുടെയും ഭൗതിക പരിശോധന നടത്തിയതിന്റെയും അടിസ്ഥാനത്തിൽ, നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങൾ ചുവടെ ചേർത്തവയാണ്.

| ക്രമ നമ്പർ | വാഹനം | രജിസ്ട്രേഷൻ നമ്പർ | റിമാർക്സ് |
|---|---|---|---|
| 1 | മഹീന്ദ്ര ബോലെറോ | KL - 10 AG 8182 | ചെയർമാൻ ഉപയോഗിക്കുന്നു. |
| 2 | അംബാസിഡർ കാർ | KL - 10 Z 7627 | ഓഫീസ് ഉപയോഗത്തിന് |
| 3 | മഹീന്ദ്ര ജീപ്പ് | KL - 10 S 2729 | ,, |
| 4 | ടാറ്റ മിനി ലോറി | KL - 10 AE 9323 | ശുചീകരണത്തിന് |
| 5 | ടാറ്റ മിനി ലോറി | KL - 10 AE 9368 | ,, |
| 6 | മഹീന്ദ്ര ജീപ്പ് | KL - 10 AA 4992 | ആരോഗ്യ വിഭാഗത്തിൽ ഉപയോഗിക്കുന്നു. |
| 7 | ജെ.സി.ബി. | KL - 10 AE 6837 | ശുചീകരണത്തിന് |
| 8 | ട്രാക്ടർ | KL - 10 G 4742 | ,, |
| 9 | ട്രാക്ടർ | KL - 10 G 4724 | ,, |
| 10 | പവർ ടില്ലർ | KL - 10 Z 1741 | ,, |
| 11 | ട്രാക്ടർ വിത്ത് ജെ.സി.ബി | KL - 10 X 3998 | ,, |
| 12 | ട്രാക്ടർ ട്രെയിലർ | KL - 10 AB 5824 | ,, |
| 13 | ട്രാക്ടർ | KL - 10 AA 4301 | കൃഷി ആവശ്യത്തിന് |
| 14 | ട്രാക്ടർ | KL - 10 Z 1742 | ശുചീകരണത്തിന് |
| 15 | ട്രാക്ടർ | KL - 10 AB 5803 | ,, |
| 16 | റോഡ് റോളർ | KL - 10 H 2547 | |

**വാഹനങ്ങളുടെ നിലവിലെ അവസ്ഥ**

നഗരസഭയുടെ വാഹനങ്ങൾ ഓഡിറ്റ് ഭൗതിക പരിശോധന നടത്തി. മുകളിൽ പറഞ്ഞ എല്ലാ ട്രാക്ടറുകളും ട്രെയിലറുകളും റോഡ് റോളറും തുരുമ്പെടുത്ത് നശിച്ച്

Local Fund Audit Department

നഗരസഭാ കാര്യാലയത്തിനു മുന്നിലുളള പൊതു നിരത്തിൽ ഉപയോഗശൂന്യമായി കിടക്കുകയാണ്.

കെ.എൽ.10 ജി 4742 ട്രാക്ടർ അറ്റകുറ്റപ്പണികൾക്കായി വണ്ടൂർ 'കെയ്കോ' യിലേക്ക് 3/2008 ൽ കൊണ്ടുപോയതാണ്. നാളിതുവരെയും ഇത് തിരിച്ചെത്തിച്ചിട്ടില്ല.

നഗരസഭാ കാര്യാലയത്തിനു മുന്നിലെ റോഡിൽ നശിച്ചു കിടക്കുന്ന വാഹനങ്ങൾ ഇവയാണ് :

1. KL - 10 G 4724 - ട്രാക്ടർ
2. KL - 10 Z 1741 പവർ ട്രില്ലർ
3. KL - 10 X 3998 ട്രാക്ടർ വിത്ത് ജെ.സി.ബി.
4. KL - 10 AB 5824 ട്രാക്ടർ ട്രെയിലർ
5. KL - 10 AA 4301 ട്രാക്ടർ
6. KL - 10 Z 1742 ട്രാക്ടർ
7. KL - 10 AB 5803 ട്രാക്ടർ
8. KL - 10 H 2547 റോഡ് റോളർ

ഇതിൽ ക്രമ നമ്പർ (1) നാലു വർഷമായി കേടായി കിടക്കുന്നു. ക്രമ നമ്പർ (3) 16-6-10 നു ശേഷം ഓടിയിട്ടില്ല. ഓയിൽ മാറുന്നതിനു വേണ്ടി മാത്രം നിർത്തിയിട്ട ഈ ട്രാക്ടർ വിത്ത് ജെ.സി.ബി. യഥാസമയം പണി നടത്താത്തതിനാൽ ഇപ്പോൾ തുരുമ്പെടുത്ത് നശിച്ചിരിക്കയാണ്. ക്രമ നമ്പർ (4) 17-10-11 ന് ശേഷം ഓടിയിട്ടില്ല. ക്രമ നമ്പർ (5) ട്രാക്ടർ കൃഷിക്കുപയോഗിച്ചിരുന്നതാണ്. ഇത് രണ്ടു വർഷത്തിലധികമായി ഉപയോഗശൂന്യമാണ്. ക്രമ നമ്പർ (6) - 18-10-10 നു ശേഷം ഓടിയിട്ടില്ല. ക്രമ നമ്പർ (7) ട്രാക്ടർ വാങ്ങിയിട്ട് 6 മാസം മാത്രമേ ഉപയോഗിച്ചിട്ടുളളു. തുടർന്ന് ഇത് അപകടത്തിൽ പെടുകയും നഗരസഭാ കാര്യാലയത്തിനു മുന്നിൽ കൊണ്ടിടുകയും ചെയ്തു. ഇപ്പോൾ പൂർണമായും നശിച്ചിരിക്കയാണ്. ക്രമ നമ്പർ (8) - റോഡ് റോളർ വർഷങ്ങളായി കേടായി ഉപയോഗശൂന്യമാണ്.

ഇതു കൂടാതെ ശുചീകരണത്തിനായി 2004 ൽ 2,70,000 രൂപയ്ക്ക് നഗരസഭ വാങ്ങിയ രണ്ടു ട്രെയിലറുകൾ പൂർണമായും തുരുമ്പെടുത്ത് അസ്ഥിപഞ്ജരമായി നഗരസഭയുടെ മുന്നിലെ റോഡിൽ കിടക്കുന്നുണ്ട്. നഗരസഭയുടെ വാഹനങ്ങളിൽ പകുതിയും പൂർണമായോ ഭാഗികമായോ കേടായി കിടക്കുകയാണെന്നത് ഓഡിറ്റ് നഗരസഭാ കൗൺസിലിന്റെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു. ലക്ഷക്കണക്കിന് രൂപയുടെ ആസ്തിയാണ് നശിച്ചുകൊണ്ടിരിക്കുന്നത്. ഇതിൽ ഏറിയ പങ്കും ശുചീകരണത്തിനുപയോഗിക്കേണ്ട വാഹനങ്ങളാണ് എന്നതും പ്രത്യേകം ശ്രദ്ധേയമാണ്.

2000 ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങളിൽ, നഗരസഭാ വാഹനങ്ങളുടെ റിപ്പയറിംഗിന് അനുവർത്തിക്കേണ്ട നടപടി ക്രമങ്ങൾ പ്രതിപാദിക്കുന്നുണ്ട്. ഇവ യഥാസമയം പാലിക്കാതിരുന്നതുകൊണ്ടാണ് മൈനർ റിപ്പയറിംഗു പോലും വേണ്ടത് വേണ്ടപ്പോൾ ചെയ്യാതെ ലക്ഷക്കണക്കിനു രൂപ വിലയുളള വാഹനങ്ങൾ ഉപയോഗശൂന്യമായത്. ട്രാക്ടറുകളുടെ ഫയലിൽ, വളരെ അശ്രദ്ധമായും അലസമായും അശാസ്ത്രീയവുമായാണ് ഫയൽ കൈകാര്യം ചെയ്തിട്ടുളളതെന്നും 2005, 06 കാലയളവിൽ ട്രാക്ടറുകൾ റിപ്പയർ ചെയ്ത തുക കെയ്കോ യ്ക്ക് നൽകാൻ കഴിയാത്തത് ഗുരുതരമായ വീഴ്ചയാണെന്നും ഓരോ

Local Fund Audit Department

വാഹനങ്ങൾക്കും ഓരോ ഫയലുകൾ കൈകാര്യം ചെയ്യുന്നതിന് നിർദ്ദേശിച്ചു കൊണ്ടും അല്ലാത്ത പക്ഷം ഓഡിറ്റ് തടസ്സം ഉണ്ടാകുമെന്നും 28-7-12 ന് സൂപ്രണ്ട് ഫയലിൽ കുറിപ്പെഴുതിയത് ഈ അനുമാനത്തെ സാധൂകരിക്കുന്നു.

**ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ്**

ആറു മാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തി സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ രേഖപ്പെടുത്തണമെന്ന ചട്ടവും പാലിച്ചിട്ടില്ല. ടെസ്റ്റ് നടത്തിയതു സംബന്ധിച്ച് ലോഗ് ബുക്കിൽ നിന്ന് ലഭിച്ച വിവരം ചുവടെ ചേർക്കുന്നു.

| വാഹനം | അവസാനം ടെസ്റ്റ് നടത്തിയ തീയതി |
|---|---|
| KL - 10 Z 7627 - കാർ | 28-6-2011 |
| KL - 10 AA 4992 ജീപ്പ് | 31-5-2011 |
| KL - 10 S 2729 ജീപ്പ് | 4-1-2011 |

മറ്റു വാഹനങ്ങളുടെ ടെസ്റ്റ് നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.

**പൊതു അപാകതകൾ**

1) 2000 ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ പ്രകാരം സൂക്ഷിക്കേണ്ട ലോഗ് ബുക്ക് ഒഴികെയുള്ള മറ്റു രജിസ്റ്ററുകളൊന്നും നിശ്ചിത മാതൃകയിൽ സൂക്ഷിക്കുന്നില്ല.

2) ലോഗ് ബുക്ക് കസ്റ്റോഡിയൻ ആഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

3) ഓരോ അർധ വർഷവും ഓരോ വാഹനത്തിനും ചെലവായ തുക സംബന്ധിച്ച റിപ്പോർട്ട് കസ്റ്റോഡിയൻ - ആഫീസർ ഫൈനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുന്നില്ല.

ചുരുക്കത്തിൽ, വാഹന പരിപാലനത്തിൽ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ യഥാവിധി പാലിക്കുന്നതിൽ നഗരസഭയുടെ ഭാഗത്തു നിന്ന് ഗുരുതരമായ വീഴ്ച സംഭവിച്ചിട്ടുണ്ട്. ആയതിനാൽ ചട്ടങ്ങൾ കൃത്യമായി പാലിച്ച് വാഹന ഉപയോഗവും പരിപാലനവും കുറ്റമറ്റതാക്കാൻ ശ്രദ്ധിക്കേണ്ടതും ഉപയോഗശൂന്യമായ വാഹനങ്ങൾ കണ്ടം ചെയ്യാൻ നടപടികളെടുക്കേണ്ടതും കേടുപാടുകൾ തീർത്ത് ഉപയോഗപ്രദമാക്കാനാകുന്നവ അപ്രകാരം ചെയ്യേണ്ടതുമാണ്.

**3(25) അങ്കണവാടികൾ - ഒരു അവലോകനം**

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം 30 (1) -ാം വകുപ്പ് ഒന്നാം പട്ടിക (സി) പ്രകാരമുള്ള മേഖലാടിസ്ഥാന ചുമതലയിൽ സാമൂഹ്യക്ഷേമ മേഖലയിൽ അങ്കണവാടികൾ നടത്തുക എന്നത് മുനിസിപ്പാലിറ്റിയുടെ ചുമതലയിൽ പെട്ടതാണ്. മഞ്ചേരി മുനിസിപ്പാലിറ്റിയിൽ 50 വാർഡുകളിലായി 93 അങ്കണവാടികളുണ്ട്. ആകെ 11,509 കുട്ടികൾ ഈ അങ്കണവാടികളിലുണ്ട്. 72 അങ്കണവാടികൾക്ക് സ്വന്തം കെട്ടിടമുണ്ടെങ്കിലും 21 എണ്ണം വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. 5 അങ്കണവാടികൾ വൈദ്യുതീകരിച്ചിട്ടുണ്ട്. 36 അങ്കണവാടികൾക്ക് കുടിവെള്ളം ടാപ്പു വഴി ലഭിക്കുന്നുണ്ട്. കുടിവെള്ളത്തിനായി മറ്റ്

Local Fund Audit Department

അങ്കണവാടികൾ സമീപസ്ഥമായ വീടുകളിലെ കിണറുകളെയും പൈപ്പുകളേയും ആശ്രയിക്കുന്നു. 43 അങ്കണവാടികൾക്ക് ചുറ്റുമതിൽ ഉണ്ട്. താണിപ്പാറ അങ്കണവാടി സെന്റർ നമ്പർ 19 ന്റെ കെട്ടിട നിർമ്മാണം 2 വർഷമായി അരംഭിച്ചെങ്കിലും ഓഡിറ്റ് തീയതിയിലും പൂർത്തീകരിച്ചില്ല. 2011-12 ൽ സ്ഥലം വാങ്ങി നൽകിയ അരുകിഴായ (സെന്റർ നമ്പർ 64) മേലാക്കം (സെന്റർ നമ്പർ 86 - നെല്ലിപ്പറമ്പ്) അങ്കണവാടികൾക്ക് കെട്ടിട നിർമ്മാണ പ്രവൃത്തി ഇനിയും ആരംഭിച്ചിട്ടില്ല.

അടുക്കള സൗകര്യമുളള അങ്കണവാടികൾ 69 എണ്ണമാണ്. എല്ലാ അങ്കണവാടികൾക്കും ഭക്ഷണം പാകം ചെയ്യാനും വിളമ്പാനുമുളള പാത്രങ്ങളുണ്ട്. ഭക്ഷണ സാധനങ്ങൾ സൂക്ഷിക്കാൻ എല്ലാ അങ്കണവാടികളിലും സൗകര്യങ്ങളുണ്ട്. എല്ലാ അങ്കണവാടികൾക്കും കളിപ്പാട്ടങ്ങൾ (ഇൻഡോർ) ലഭിച്ചിട്ടുണ്ട്. എല്ലാ അങ്കണവാടികളിലും ഹെൽപ്പർ/വർക്കർ ഉണ്ട്. നിലവിൽ ഒഴിവില്ല. അങ്കണവാടികളുടെ ക്ഷേമത്തിനായി കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. മിനുട്സ് എഴുതി സൂക്ഷിക്കുന്നുണ്ട്.

മുനിസിപ്പാലിറ്റിക്ക് കൈമാറിയ സ്ഥാപനങ്ങൾക്ക് ഓഫീസ് സൗകര്യം ഒരുക്കേണ്ടത് മുനിസിപ്പാലിറ്റിയുടെ ചുതലയാണെന്നിരിക്കെ, ഓഡിറ്റ് തീയതിയായ 21-12-2012 ലും ഐ.സി.ഡി.എസ്. സൂപ്പർവൈസർക്ക് അലമാര, മേശ എന്നിവ നൽകുകയോ ഇരിപ്പിട സൗകര്യം നൽകുകയോ ചെയ്തിട്ടില്ല. മുനിസിപ്പാലിറ്റിയുടെ പരിധിയിലെ അങ്കണവാടികൾക്ക് സേവനം താമസംവിനാ നടത്തുന്നതിന് ഐ.സി.ഡി.എസ്. സൂപ്പർവൈസർക്ക് വേണ്ടത്ര ഓഫീസ് സൗകര്യം, വൗച്ചറുകൾ, അനുബന്ധ രേഖകൾ സൂക്ഷിക്കാനുളള സൗകര്യം എന്നിവ മുനിസിപ്പാലിറ്റി ഒരുക്കേണ്ടതാണ്.

പൂരക പോഷകാഹാര പദ്ധതിക്കു വേണ്ടി കഴിഞ്ഞ രണ്ടു വർഷങ്ങളിൽ നടത്തിയ ചെലവു വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2010-11 | 7773563 |
| 2011-12 | 9239336 |

2011-12 ൽ ചെലവഴിച്ച 17,39,336/- രൂപ 2012-13 ലാണ് മുനിസിപ്പാലിറ്റി നൽകിയത്. 2011-12 ൽ 75,00,000/- രൂപ മാത്രമാണ് പോഷകാഹാര പദ്ധതിക്ക് വകയിരുത്തി നൽകിയത്. 2011-12 ൽ കേന്ദ്ര വിഹിതം വകവയ്ക്കാതെയാണ് (വികസന ഫണ്ട് മാത്രം) പ്രൊജക്ട് അംഗീകാരം വാങ്ങി നടപ്പിലാക്കിയത്. അങ്കണവാടികളുടെ എണ്ണമോ ഭക്ഷണ സാധനത്തിന്റെ അളവ് എത്ര വേണ്ടിവരുമെന്ന് ഒരു ഏകദേശ കണക്കു പോലും എടുക്കാതെയാണ് 2011-12 ൽ പദ്ധതി നടപ്പിലാക്കിയത് എന്ന് കാണുന്നു. ശരിയായ ആസൂത്രണത്തിലൂടെ മാത്രമേ ലക്ഷ്യത്തിലെത്താൻ കഴിയൂ എന്നതിനാൽ പദ്ധതി പ്രവർത്തനം വളരെ ശ്രദ്ധയോടെ നടത്തേണ്ടതാണ്.

പൂരക പോഷകാഹാര പദ്ധതിക്കായി ലഭിച്ച കേന്ദ്ര വിഹിതത്തിന്റെയും ചെലവിന്റെയും വിശദ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ലഭിച്ച തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| 2010-11 | 2226056 | 973563 | 1252493 |
| 2011-12 | 1975012 | 1317447 | 657565 |

Local Fund Audit Department

കേന്ദ്ര സഹായമായി ലഭിക്കുന്ന തുക മുനിസിപ്പാലിറ്റിയുടെ തനതു ഫണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത്. പ്രത്യേക അക്കൗണ്ട് ആരംഭിച്ചിട്ടില്ല. കേന്ദ്ര വിഹിതം ചെലവഴിക്കാത്ത തുക ഉപയോഗിച്ച് അങ്കണവാടി കെട്ടിടങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയൊന്നും ലഭ്യമാക്കിയിട്ടില്ല. ഗവൺമെന്റ് സർക്കുലർ 39033/ഡി.സി.2/2010/തസ്വഭവ./3-9-2010 പ്രകാരമുളള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

അങ്കണവാടികൾക്കാവശ്യമായ ഭക്ഷ്യസാധനങ്ങൾ സപ്ലൈകോയുടെ സൂപ്പർ മാർക്കറ്റിൽ നിന്നാണ് വാങ്ങുന്നത്. ഗുണമേൻമ ഉറപ്പു വരുത്തുന്നുണ്ട്. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്.

ടി.എച്.ആർ.എസ്. പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. 1,767 പേർ ഗുണഭോക്താക്കളായുണ്ട്. 2010-11, 2011-12 വർഷങ്ങളിലായി ആകെ 63,73,375/- രൂപ ചെലവഴിച്ചു. കുടുംബശ്രീ യൂണിറ്റായ ജാംസ് ഗ്രൂപ്പ് നെല്ലികുത്തിൽ നിന്നാണ് ഭക്ഷ്യ മിശ്രിതം വാങ്ങുന്നത്. പരാതികളൊന്നും (ഗുണനിലവാരം സംബന്ധിച്ച) തന്നെ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടില്ല.

ഐ.സി.ഡി.എസ്. സൂപ്പർവൈസർക്ക് സ്ഥല സൗകര്യം മുനിസിപ്പാലിറ്റിയിൽ അനുവദിച്ചും അങ്കണവാടികളുടെ പ്രവർത്തനം വിലയിരുത്തി വേണ്ടത്ര ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കിയും പരിപാടി മെച്ചപ്പെടുത്താൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3(26) സേവന പുസ്തക പരിശോധന

നഗരസഭാ ജീവനക്കാരുടെ സേവന പുസ്തകങ്ങൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ പൊതുവായ അപാകതകൾ ഇവയാണ്. മിക്ക ജീവനക്കാരുടെയും പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെയും നിയമനം റഗുലറൈസ് ചെയ്തിട്ടില്ല. ശമ്പള പരിഷ്കരണങ്ങൾക്കും സമയബന്ധിത ഹയർ ഗ്രേഡ് നൽകിയതിനും ഈ വകുപ്പിന്റെ അംഗീകാരം നേടിയിട്ടില്ല. കേരള സർവീസ് ചട്ടങ്ങൾ ഭാഗം III 150-ാം ചട്ട പ്രകാരമുളള വാർഷിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. ശ്രീ.വി.ഷൈജു, എൽ.ഡി.സി./ബി.സി.

ജനനത്തീയതി - 2-5-84
ജോലിയിൽ പ്രവേശിച്ച തീയതി - 26-11-07 (എൽ.ഡി.സി./ബി.സി)

i) നിയമനം റഗുലറൈസ് ചെയ്തിട്ടില്ല.
ii) പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടില്ല.
iii) 09 ലെ ശമ്പള പരിഷ്കരണത്തിന് ഈ വകുപ്പിന്റെ അംഗീകാരം നേടിയിട്ടില്ല
iv) സേവന പുസ്തകം പേജ് 107 ൽ സർവീസ് വെരിഫിക്കേഷൻ മെമ്മോറാണ്ടം രേഖപ്പെടുത്തിയിട്ടില്ല.

2. ശ്രീ.ജോ.ഐ., ജെ.എച്.ഐ. ഗ്രേഡ് 1

ജനനത്തീയതി- 1-4-1967
ജോലിയിൽ പ്രവേശിച്ച തീയതി - 18-1-02 (ജെ.എച്.ഐ. ഗ്രേഡ് 2)

Local Fund Audit Department

i) 2004, 09 എന്നീ വർഷങ്ങളിലെ ശമ്പള പരിഷ്കരണത്തിന് അംഗീകാരം നേടിയിട്ടില്ല.
ii) സേവന പുസ്തകം പേജ് 107 ൽ സർവീസ് വെരിഫിക്കേഷൻ മെമ്മോറാണ്ടം രേഖപ്പെടുത്തിയിട്ടില്ല.

iii) അർധവേതനാവധി ഇതുവരെയും കണക്കിലുൾപ്പെടുത്തിയിട്ടില്ല.

3. ശ്രീമതി. ഉമ.പി.എൻ., യു.ഡി.സി.

| | | |
|---|---|---|
| ജനനത്തീയതി | - | 1-4-78 |
| ജോലിയിൽ പ്രവേശിച്ച തീയതി | - | 11-11-96 (എൽ.ഡി.സി./ബി.സി) |

i) നിയമനം റഗുലറൈസ് ചെയ്തിട്ടില്ല.
ii) 2004, 09 എന്നീ വർഷങ്ങളിലെ ശമ്പള പരിഷ്കരണത്തിന് അംഗീകാരം നേടിയിട്ടില്ല.
iii) 15 വർഷത്തെ ഹയർ ഗ്രേഡ് നൽകിയതിന് അംഗീകാരം നേടിയിട്ടില്ല.

4. ശ്രീ.സെയ്തലവി.പി., ഡഫേദാർ

| | | |
|---|---|---|
| ജനനത്തീയതി | - | 15-5-1959 |
| ജോലിയിൽ പ്രവേശിച്ച തീയതി | - | 30-5-98 (പ്യൂൺ) |

i) 2004, 09 എന്നീ വർഷങ്ങളിലെ ശമ്പള പരിഷ്കരണത്തിന് അംഗീകാരം നേടിയിട്ടില്ല.

5. ശ്രീ.അസ്മൽ ഷെരീഫ്.റ്റി.പി., പ്യൂൺ

| | | |
|---|---|---|
| ജനനത്തീയതി | - | 24-7-77 |
| ജോലിയിൽ പ്രവേശിച്ച തീയതി | - | 12-12-06 (പ്യൂൺ) |

i) നിയമനം റഗുലറൈസ് ചെയ്തിട്ടില്ല.
ii) പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടില്ല. എന്നിട്ടും എല്ലാ വാർഷിക ഇൻക്രിമെന്റുകളും നൽകി.
iii) 09 ലെ ശമ്പള പരിഷ്കരണത്തിന് ഈ വകുപ്പിന്റെ അംഗീകാരം നേടിയിട്ടില്ല
iv) സേവന പുസ്തകം പേജ് 107 ൽ സർവീസ് വെരിഫിക്കേഷൻ മെമ്മോറാണ്ടം രേഖപ്പെടുത്തിയിട്ടില്ല.

6. ശ്രീ.റ്റി.എം.മുകുന്ദൻ, യു.ഡി.സി. (ഹ.ഗ്രേ)

| | | |
|---|---|---|
| ജനനത്തീയതി | - | 30-5-1960 |
| ജോലിയിൽ പ്രവേശിച്ച തീയതി | - | 13-5-91 (എൽ.ഡി.സി./ബി.സി.) |

i) നിയമനം റഗുലറൈസ് ചെയ്തിട്ടില്ല.
ii) 1992, 97, 2004, 09 എന്നീ വർഷങ്ങളിലെ ശമ്പള പരിഷ്കരണത്തിന് അംഗീകാരം നേടിയിട്ടില്ല.

Local Fund Audit Department

iii) 16 വർഷത്തെ ഹയർ ഗ്രേഡിന് അംഗീകാരം നേടിയിട്ടില്ല
iv) സേവന പുസ്തകം പേജ് 107 ൽ സർവീസ് വെരിഫിക്കേഷൻ മെമ്മോറാണ്ടം രേഖപ്പെടുത്തിയിട്ടില്ല.

7. ശ്രീമതി.യമുനാ ദേവി.വി.കെ., ജെ.പി.എച്.എൻ (ഹ.ഗ്രേ)

| | | |
|---|---|---|
| ജനനത്തീയതി | - | 17-1-65 |
| ജോലിയിൽ പ്രവേശിച്ച തീയതി | - | 25-9-91 (ജെ.പി.എച്.എൻ. ഗ്രേഡ് 2) |

i) നിയമനം റഗുലറൈസ് ചെയ്തിട്ടില്ല.
ii) 1992, 97, 2004, 09 എന്നീ വർഷങ്ങളിലെ ശമ്പള പരിഷ്കരണത്തിന് അംഗീകാരം നേടിയിട്ടില്ല.
iii) 10, 18, 23 എന്നീ വർഷങ്ങളിൽ ഹയർ ഗ്രേഡ് നൽകിയതിന് അംഗീകാരം നേടിയിട്ടില്ല

മുനിസിപ്പൽ കോമൺ സർവീസിൽ 25-9-91 ന് ജോയിൻ ചെയ്യുന്നതിനു മുമ്പ് 1-8-87 മുതൽ 24-9-91 വരെ ജെ.പി..എച്.എൻ. ഗ്രേഡ് 2 തസ്തികയിൽ ഡി.എച്.എസ്. ന്റെ ഡയറക്ട് പോസ്റ്റിംഗ് മുഖേന ആരോഗ്യ വകുപ്പിൽ ടിയാൾ സേവനം ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ ഇൻക്രിമെന്റ് നൽകിയിട്ടില്ല. കൂടാതെ, പിന്നീട് മുനിസിപ്പൽ കോമൺ സർവീസിലും സർക്കാർ സർവീസ് പരിഗണിച്ച് ഇൻക്രിമെന്റ് നൽകിയിട്ടില്ല. (രണ്ട് വകുപ്പുകളിലും ഒരേ തസ്തികക്ക് അന്ന് വ്യത്യസ്ത ശമ്പള സ്കെയിൽ ആയിരുന്നു.) എന്നാൽ മുൻകാല സർക്കാർ സർവീസ് കൂടി കണക്കിലെടുത്താണ് ഹയർ ഗ്രേഡ് നൽകിയിരിക്കുന്നത്. സർക്കാർ സർവീസ് കൂടി പരിഗണിക്കുന്നതിന് സർക്കാർ ഉത്തരവ് ലഭ്യമാക്കേണ്ടതാണ്.

8. ശ്രീ.അഭിലാഷ്.എം, പ്യൂൺ

| | | |
|---|---|---|
| ജനനത്തീയതി | - | 2-4-79 |
| ജോലിയിൽ പ്രവേശിച്ച തീയതി | - | 15-4-05 (പ്യൂൺ) |

i) നിയമനം റഗുലറൈസ് ചെയ്തിട്ടില്ല.
ii) 2009 ലെ ശമ്പള പരിഷ്കരണത്തിന് അംഗീകാരം നേടിയിട്ടില്ല.
iii) അർദ്ധവേതനാവധി ഇതുവരെ കണക്കിലുൾപ്പെടുത്തിയിട്ടില്ല.

9. ശ്രീ.അബ്ദുൽ റഷീദ്.എം.കെ., യു.ഡി.സി.

| | | |
|---|---|---|
| ജനനത്തീയതി | - | 30-5-1969 |
| ജോലിയിൽ പ്രവേശിച്ച തീയതി | - | 26-8-03 (എൽ.ഡി.സി./ബി.സി.) |

i) നിയമനം റഗുലറൈസ് ചെയ്തിട്ടില്ല.
ii) 2004, 09 എന്നീ വർഷങ്ങളിലെ ശമ്പള പരിഷ്കരണത്തിന് അംഗീകാരം നേടിയിട്ടില്ല.
iii) സേവന പുസ്തകം പേജ് 107 ൽ സർവീസ് വെരിഫിക്കേഷൻ മെമ്മോറാണ്ടം രേഖപ്പെടുത്തിയിട്ടില്ല.

Local Fund Audit Department

10. ശ്രീ.എം.വിശ്വനാഥൻ, പ്യൂൺ

ജനനത്തീയതി - 20-5-77
ജോലിയിൽ പ്രവേശിച്ച തീയതി - 12-12-06 (പ്യൂൺ)

i) നിയമനം റഗുലറൈസ് ചെയ്തിട്ടില്ല.
ii) 09 ലെ ശമ്പള പരിഷ്കരണത്തിന് അംഗീകാരം നേടിയിട്ടില്ല.
iii) സേവന പുസ്തകം പേജ് 107 ൽ സർവീസ് വെരിഫിക്കേഷൻ മെമ്മോറാണ്ടം രേഖപ്പെടുത്തിയിട്ടില്ല.

11) ശ്രീമതി.നഫീസ മാട്ടപ്പാറ, ചെയിൻമാൻ

ജനനത്തീയതി - 7-5-64
ജോലിയിൽ പ്രവേശിച്ച തീയതി - 7-4-93 (ചെയിൻമാൻ)

i) നിയമനം റഗുലറൈസ് ചെയ്തിട്ടില്ല.
ii) 97, 2004, 09 എന്നീ വർഷങ്ങളിലെ ശമ്പള പരിഷ്കരണത്തിന് അംഗീകാരം നേടിയിട്ടില്ല.
iii) 10 വർഷത്തെയും 16 വർഷത്തെയും ഹയർ ഗ്രേഡ് നൽകിയതിന് അംഗീകാരം നേടിയിട്ടില്ല
iv) സേവന പുസ്തകം പേജ് 107 ൽ സർവീസ് വെരിഫിക്കേഷൻ മെമ്മോറാണ്ടം രേഖപ്പെടുത്തിയിട്ടില്ല.

12. ശ്രീമതി.എം.ജമീല, ആയ

ജനനത്തീയതി - 27-12-64
ജോലിയിൽ പ്രവേശിച്ച തീയതി - 5-2-94 (ആയ)

i) നിയമനം റഗുലറൈസ് ചെയ്തിട്ടില്ല.
ii) 97, 2004, 09 എന്നീ വർഷങ്ങളിലെ ശമ്പള പരിഷ്കരണത്തിന് അംഗീകാരം നേടിയിട്ടില്ല.
iii) 10 വർഷത്തെയും 16 വർഷത്തെയും ഹയർ ഗ്രേഡ് നൽകിയതിന് അംഗീകാരം നേടിയിട്ടില്ല
iv) സേവന പുസ്തകം പേജ് 107 ൽ സർവീസ് വെരിഫിക്കേഷൻ മെമ്മോറാണ്ടം രേഖപ്പെടുത്തിയിട്ടില്ല.

13. ശ്രീ.അബ്ദുൽ റസാക്ക് മറ്റത്തൂർ, പ്യൂൺ

ജനനത്തീയതി - 6-10-1978
ജോലിയിൽ പ്രവേശിച്ച തീയതി - 12-12-06 (പ്യൂൺ)

i) സേവന പുസ്തകം പേജ് 1 ൽ ജനനത്തീയതി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

Local Fund Audit Department

ii) നിയമനം റഗുലറൈസ് ചെയ്തിട്ടില്ല.
iii) 09 ലെ ശമ്പള പരിഷ്കരണത്തിന് അംഗീകാരം നേടിയിട്ടില്ല.

iv) സേവന പുസ്തകം പേജ് 107 ൽ സർവീസ് വെരിഫിക്കേഷൻ മെമ്മോറാണ്ടം രേഖപ്പെടുത്തിയിട്ടില്ല.

14. ശ്രീ.സി.ഉണ്ണിക്കൃഷ്ണൻ, പ്യൂൺ

| | | |
|---|---|---|
| ജനനത്തീയതി | - | 21-3-74 |
| ജോലിയിൽ പ്രവേശിച്ച തീയതി | - | 8-3-96 (പ്യൂൺ) |

i) സേവന പുസ്തകം പേജ് 1 ൽ ജനനത്തീയതി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ii) ആദ്യ നിയമനം സംബന്ധിച്ച വിശദാംശങ്ങൾ സേവന പുസ്തകം പേജ് 4 ൽ രേഖപ്പെടുത്തിയിട്ടില്ല.

iii) നിയമനം റഗുലറൈസ് ചെയ്തിട്ടില്ല..

iv) 97, 2004, 09 എന്നീ വർഷങ്ങളിലെ ശമ്പള പരിഷ്കരണത്തിന് അംഗീകാരം നേടിയിട്ടില്ല.
v) 10 വർഷത്തെയും 15 വർഷത്തെയും ഹയർ ഗ്രേഡ് നൽകിയതിന് അംഗീകാരം നേടിയിട്ടില്ല.
vi) സേവന പുസ്തകം പേജ് 107 ൽ സർവീസ് വെരിഫിക്കേഷൻ മെമ്മോറാണ്ടം രേഖപ്പെടുത്തിയിട്ടില്ല.

15. ശ്രീ.ഗിരീഷ്കുമാർ.ജി., പ്യൂൺ

| | | |
|---|---|---|
| ജനനത്തീയതി | - | 21-5-1973 |
| ജോലിയിൽ പ്രവേശിച്ച തീയതി | - | 18-12-06 (പ്യൂൺ) |

i) സേവന പുസ്തകം പേജ് 1 ൽ ജനനത്തീയതി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ii) നിയമനം റഗുലറൈസ് ചെയ്തിട്ടില്ല

iii) 09 ലെ ശമ്പള പരിഷ്കരണത്തിന് അംഗീകാരം നേടിയിട്ടില്ല.

iv) സേവന പുസ്തകം പേജ് 107 ൽ സർവീസ് വെരിഫിക്കേഷൻ മെമ്മോറാണ്ടം രേഖപ്പെടുത്തിയിട്ടില്ല.

16. ശ്രീ.ഷംസുദ്ദീൻ.സി.എ., ജെ.എച്.ഐ. ഗ്രേഡ് 2

| | | |
|---|---|---|
| ജനനത്തീയതി | - | 3-4-1970 |
| ജോലിയിൽ പ്രവേശിച്ച തീയതി | - | 1-10-99 (പി.എച്.സി., ചൂണ്ടൽ) |

Local Fund Audit Department

ജോലിയിൽ പ്രവേശിച്ച തീയതി - 30-4-03 (ജെ.എച്.ഐ. ഗ്രേ.2, മുനിസിപ്പൽ കോമൺ സർവീസ്)

i) 2004, 09 എന്നീ വർഷങ്ങളിലെ ശമ്പള പരിഷ്കരണങ്ങൾക്ക് അംഗീകാരം നേടിയിട്ടില്ല.

ii) 8 വർഷത്തെ ഹയർ ഗ്രേഡ് നൽകിയതിന് അംഗീകാരം നേടിയിട്ടില്ല.

17. ശ്രീ.കെ.വി.വേലായുധൻ, റവന്യു ഓഫീസർ ഗ്രേഡ് 2

ജനനത്തീയതി - 20-11-58
ജോലിയിൽ പ്രവേശിച്ച തീയതി - 4-11-81 (എൽ.ഡി.സി./ബി.സി.)

i) 2004, 09 എന്നീ വർഷങ്ങളിലെ ശമ്പള പരിഷ്കരണങ്ങൾക്ക് അംഗീകാരം നേടിയിട്ടില്ല.

ii) 10 വർഷത്തെയും 23 വർഷത്തെയും ഹയർ ഗ്രേഡിന് അംഗീകാരം നേടിയിട്ടില്ല.

18. ശ്രീ.സി.മോഹനൻ, യു.ഡി.സി.

ജനനത്തീയതി - 4-3-1965
ജോലിയിൽ പ്രവേശിച്ച തീയതി - 23-6-05 (എൽ.ഡി.സി./ബി.സി.)

i) 2009 ലെ ശമ്പള പരിഷ്കരണത്തിന് അംഗീകാരം നേടിയിട്ടില്ല.

ii) സേവന പുസ്തകം പേജ് 107 ൽ സർവീസ് വെരിഫിക്കേഷൻ മെമ്മോറാണ്ടം രേഖപ്പെടുത്തിയിട്ടില്ല.

19. ശ്രീ.രാജൻ പത്തൂർ, യു.ഡി.സി.

ജനനത്തീയതി - 20-5-72
ജോലിയിൽ പ്രവേശിച്ച തീയതി - 5-2-03 (എൽ.ഡി.സി./ബി.സി.)

i) നിയമനം റഗുലറൈസ് ചെയ്തിട്ടില്ല

ii) 2004, 2009 വർഷങ്ങളിലെ ശമ്പള പരിഷ്കരണത്തിന് അംഗീകാരം നേടിയിട്ടില്ല

20. ശ്രീ.ഷാജിമോൻ.വി.റ്റി., യു.ഡി.സി.

ജനനത്തീയതി - 14-3-72
ജോലിയിൽ പ്രവേശിച്ച തീയതി - 26-2-99 (ഫോറസ്റ്റ് ഗാർഡ്)
മുനിസിപ്പൽ കോമൺ സർവീസിൽ പ്രവേശിച്ചത് - 30-6-05 (എൽ.ഡി.സി./ബി.സി)
മുൻകാല ഗവൺമെന്റ് സർവീസ് കൂടി കണക്കിലെടുത്ത് ശമ്പളം നിർണയിച്ചു കൊടുത്തു.

Local Fund Audit Department

i) 2009 ലെ ശമ്പള പരിഷ്കരണത്തിന് അംഗീകാരം നേടിയിട്ടില്ല

ii) സേവന പുസ്തകം പേജ് 107 ൽ സർവീസ് വെരിഫിക്കേഷൻ മെമ്മോറാണ്ടം രേഖപ്പെടുത്തിയിട്ടില്ല.

21. ശ്രീമതി.എൽ.സുശീല, സൂപ്രണ്ട്

ജനനത്തീയതി - 3-5-1961
ജോലിയിൽ പ്രവേശിച്ച തീയതി - 20-6-88 (എൽ.ഡി.സി./ബി.സി.)

i) ) 2004, 2009 എന്നീ വർഷങ്ങളിലെ ശമ്പള പരിഷ്കരണത്തിന് അംഗീകാരം നേടിയിട്ടില്ല

22. ശ്രീ. അനീഷ്.കെ., ജെ.എച്.ഐ., ഗ്രേഡ് 2

ജനനത്തീയതി - 21-5-79
ജോലിയിൽ പ്രവേശിച്ച തീയതി - 24-4-09 (ജെ.എച്.ഐ., ഗ്രേഡ് 2)

i) നിയമനം റഗുലറൈസ് ചെയ്തിട്ടില്ല

ii) 2009 ലെ ശമ്പള പരിഷ്കരണത്തിന് അംഗീകാരം നേടിയിട്ടില്ല

23. ശ്രീ.അലി അക്ബർ.പി., എൽ.ഡി.സി.

ജനനത്തീയതി - 30-05-1963
ജോലിയിൽ പ്രവേശിച്ച തീയതി - 25-1-03 (പ്യൂൺ)

i) സേവന പുസ്തകം പേജ് 1 ൽ ജനനത്തീയതി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ii) നിയമനം റഗുലറൈസ് ചെയ്തിട്ടില്ല

iii) 04, 09 എന്നീ വർഷങ്ങളിലെ ശമ്പള പരിഷ്കരണത്തിനും 8 വർഷത്തെ ഹയർ ഗ്രേഡ് നൽകിയതിനും അംഗീകാരം നേടിയിട്ടില്ല.

iv) സേവന പുസ്തകം പേജ് 107 ൽ സർവീസ് വെരിഫിക്കേഷൻ മെമ്മോറാണ്ടം രേഖപ്പെടുത്തിയിട്ടില്ല.

24. ശ്രീ.അയ്യപ്പൻ പൂളക്കൽ, എൽ.ഡി.സി./ബി.സി.

ജനനത്തീയതി - 31-05-1968
ജോലിയിൽ പ്രവേശിച്ച തീയതി - 22-1-99 (പ്യൂൺ)

i) സേവന പുസ്തകം പേജ് 1 ൽ ജനനത്തീയതി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

Local Fund Audit Department

ii) നിയമനം റഗുലറൈസ് ചെയ്തിട്ടില്ല

iii) 04, 09 എന്നീ വർഷങ്ങളിലെ ശമ്പള പരിഷ്കരണത്തിന് അംഗീകാരം നേടിയിട്ടില്ല.

iv) സേവന പുസ്തകം പേജ് 107 ൽ സർവീസ് വെരിഫിക്കേഷൻ മെമ്മോറാണ്ടം രേഖപ്പെടുത്തിയിട്ടില്ല.

25. ശ്രീ.റിയാസ്.ടി., ജെ.എച്.ഐ. ഗ്രേഡ് 2

ജനനത്തീയതി - 01-05-78
ജോലിയിൽ പ്രവേശിച്ച തീയതി - 3-6-11 (ജെ.എച്.ഐ. ഗ്രേഡ് 2)

i) സേവന പുസ്തകം പേജ് 107 ൽ സർവീസ് വെരിഫിക്കേഷൻ മെമ്മോറാണ്ടം രേഖപ്പെടുത്തിയിട്ടില്ല.

26. ശ്രീ.നദീർഷ.കെ., യു.ഡി.സി.

ജനനത്തീയതി - 4-5-71
ജോലിയിൽ പ്രവേശിച്ച തീയതി - 25-10-04 (എൽ.ഡി.സി./ബി.സി)

i) നിയമനം റഗുലറൈസ് ചെയ്തിട്ടില്ല

ii) പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടില്ല. എന്നിട്ടും എല്ലാ വാർഷിക ഇൻക്രിമെന്റുകളും 25-5-09 ന് യു.ഡി.സി. പ്രൊമോഷനും നൽകി.

iii) 2009 ലെ ശമ്പള പരിഷ്കരണത്തിന് അംഗീകാരം നേടിയിട്ടില്ല.

iv) സേവന പുസ്തകം പേജ് 107 ൽ സർവീസ് വെരിഫിക്കേഷൻ മെമ്മോറാണ്ടം രേഖപ്പെടുത്തിയിട്ടില്ല.

27. ശ്രീമതി.ജസീന.ഒ, ജെ.പി.എച്.എൻ. ഗ്രേഡ് 2

ജനനത്തീയതി - 25-2-1983
ജോലിയിൽ പ്രവേശിച്ച തീയതി - 25-8-07 (ജെ.പി.എച്.എൻ. ഗ്രേഡ് 2)

i) നിയമനം റഗുലറൈസ് ചെയ്തിട്ടില്ല

ii) 2009 ലെ ശമ്പള പരിഷ്കരണത്തിന് അംഗീകാരം നേടിയിട്ടില്ല.

iii) സേവന പുസ്തകം പേജ് 107 ൽ സർവീസ് വെരിഫിക്കേഷൻ മെമ്മോറാണ്ടം രേഖപ്പെടുത്തിയിട്ടില്ല.

Local Fund Audit Department

28. ശ്രീമതി. സഫിയ.എൻ, എൽ.ഡി.സി/ബി.സി

ജനനത്തീയതി - 10-2-63
ജോലിയിൽ പ്രവേശിച്ച തീയതി - 7-7-99 (എൽ.ഡി.സി./ബി.സി)

i) പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടില്ല.

ii) 2004, 2009 എന്നീ വർഷങ്ങളിലെ ശമ്പള പരിഷ്കരണത്തിനും 8 വർഷത്തെ ഹയർ ഗ്രേഡ് നൽകിയതിനും അംഗീകാരം നേടിയിട്ടില്ല.

29. ശ്രീ.കൃഷ്ണൻ.എം, യു.ഡി.സി.

ജനനത്തീയതി - 30-3-70
ജോലിയിൽ പ്രവേശിച്ച തീയതി - 30-5-97 (എൽ.ഡി.സി., പാലക്കാട് വികസന അതോറിറ്റി)

പാലക്കാട് വികസന അതോറിറ്റി പ്രവർത്തനം നിർത്തലാക്കിയപ്പോൾ ഓപ്ഷൻ നൽകി മുനിസിപ്പൽ കോമൺ സർവിസിൽ 24-1-01 ന് ചേർന്നു.

i) 2004, 2009 എന്നീ വർഷങ്ങളിലെ ശമ്പള പരിഷ്കരണത്തിന് അംഗീകാരം നേടിയിട്ടില്ല.

ii) സേവന പുസ്തകം പേജ് 107 ൽ സർവീസ് വെരിഫിക്കേഷൻ മെമ്മോറാണ്ടം രേഖപ്പെടുത്തിയിട്ടില്ല.

iii) സേവന പുസ്തകം പേജ് 1 ൽ ജനനത്തീയതി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

30. ശ്രീമതി.ടി.ഷീല, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്

ജനനത്തീയതി - 22-5-67
ജോലിയിൽ പ്രവേശിച്ച തീയതി - 31-8-99 (എൽ.ഡി.ടൈപ്പിസ്റ്റ്.)

i) 2004, 2009 എന്നീ വർഷങ്ങളിലെ ശമ്പള പരിഷ്കരണത്തിന് അംഗീകാരം നേടിയിട്ടില്ല.

ii) സേവന പുസ്തകം പേജ് 1 ൽ ജനനത്തീയതി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

31. ശ്രീ.ജയരാജ്.എ., യു.ഡി.സി.

ജനനത്തീയതി - 31-5-69
ജോലിയിൽ പ്രവേശിച്ച തീയതി - 30-3-90 (എൽ.ഡി.സി./ബി.സി)

i) നിയമനം റഗുലറൈസ് ചെയ്തിട്ടില്ല.
ii) 10 വർഷത്തെ ഹയർ ഗ്രേഡ് നൽകിയതിന് അംഗീകാരം നേടിയിട്ടില്ല.

Local Fund Audit Department

iii) 2004, 2009 എന്നീ വർഷങ്ങളിലെ ശമ്പള പരിഷ്കരണത്തിന് അംഗീകാരം നേടിയിട്ടില്ല.

സേവന പുസ്തകങ്ങളിലെ മേൽപ്പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## ഭാഗം : 4
## ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

### 4(1) വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കുവാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

**2010-11**

| ക്രമ നമ്പർ | വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഐ.ഡി.എസ്.എം.ടി. | ജി.ഒ.(ആർ.റ്റി)2753/ 89/എൽ.എ.ഡി. തീയതി 9-8-89 | 1690000 | 422500 | 84500 | 39081 | 338000 |
| 2 | ഐ.ഡി.എസ്.എം.ടി. | ജി.ഒ.(ആർ.റ്റി)1390/ 90/എൽ.എ.ഡി. തീയതി 28-3-90 | 843000 | 210750 | 42150 | 20548 | 168600 |
| 3 | ഐ.ഡി.എസ്.എം.ടി. | ജി.ഒ.(ആർ.റ്റി)1051/ 86/എൽ.എ.ഡി. തീയതി 22-3-86 | 2000000 | 100000 | 100000 | 8000 | ഇല്ല |
| 4 | ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് | ഡി.സി.എസ് 1482-62/07 തീ.24-9-07 | 24850000 | 23421424 | 3550012 | 2796772 | 19871412 |
| 5 | മിനി ലോറി | എ1-6706/97 തീയതി 29-3-97 | 200000 | 26658 | 13334 | 2566 | 13324 |
| 6 | സ്ലോട്ടർ ഹൗസ് | കെ.യു.ആർ.ഡി. എസ്.സി./എ2/2631/95, തീ. 5-4-07 | 850750 | 127604 | 85076 | 15959 | 42528 |

**2011-12**

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | ഐ.ഡി.എസ്.എം.ടി. | ജി.ഒ.(ആർ.റ്റി)2753/ 89/എൽ.എ.ഡി. തീയതി 9-8-89 | 1690000 | 338000 | 84500 | 31265 | 253500 |

Local Fund Audit Department

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | ഐ.ഡി.എസ്.എം.ടി. | ജി.ഒ.(ആർ.റ്റി)1390/90/എൽ.എ.ഡി. തീയതി 28-3-90 | 843000 | 168600 | 42150 | 16439 | 126450 |
| 3 | ബസ്സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് | ഡി.സി.എസ് 1482-62/07 തീ.24-9-07 | 24850000 | 19871412 | 3550012 | 1704754 | 16321400 |
| 4 | മിനിലോറി | എ1-6706/97 തീയതി 29-3-97 | 200000 | 13324 | 13324 | 1101 | ഇല്ല |
| 5 | സ്ലോട്ടർ ഹൗസ് | കെ.യു.ആർ.ഡി. എസ്.സി./എ2/2631/95, തീ. 5-4-07 | 850750 | 42528 | 42528 | 5198 | ഇല്ല |

**4(2) സ്ഥിര നിക്ഷേപങ്ങൾ (ഇൻവെസ്റ്റുമെന്റുകൾ)**

| | 2010-11 | 2011-12 |
|---|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 367036 | 492696 |
| തൻവർഷം നിക്ഷേപിച്ച തുക | 81000 പലിശ* | 39864 പലിശ |
| ആകെ | 492696 | 532560 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | 2010-11 | 2011-12 |
|---|---|---|
| | തുക | തുക |
| 1. കെ.എസ്.ഡി. ലൂം | 1,000 | 1,000 |
| 2. മലപ്പുറം സ്പിന്നിംഗ് മിൽ ഓഹരി 250 എണ്ണം | 25,000 | 25,000 |
| 3. കെ.യു.ഡി.എഫ്.സി. ഷെയർ സർട്ടിഫിക്കറ്റ് നമ്പർ 164 | 22,000 | 22,000 |
| 4. കെ.യു.ഡി.എഫ്.സി. ഷെയർ സർട്ടിഫിക്കറ്റ് നമ്പർ 107 | 3,000 | 3,000 |
| 5. കെ.യു.ഡി.എഫ്.സി. ഷെയർ സർട്ടിഫിക്കറ്റ് നമ്പർ 157 | 13,000 | 13,000 |
| 6. കെ.യു.ഡി.എഫ്.സി. ഷെയർ സർട്ടിഫിക്കറ്റ് നമ്പർ 260 | 17,000 | 17,000 |
| 7. വിജയ ബാങ്ക് ഡെപ്പോസിറ്റ് നമ്പർ | 4,11,696 | 4,51,560 |
| ആകെ | 4,92,696 | 5,32,560 |

**4(3) സർക്കാരിലേക്കും മറ്റ് സ്ഥാപനങ്ങളിലേക്കും ഒടുക്കുവാനുള്ള തുകകൾ**

കേന്ദ്ര സംസ്ഥാന സർക്കാറുകളിലേക്കും മറ്റ് വിവിധ സ്ഥാപനങ്ങളിലേക്കും ഒടുക്കുവാനായി പിരിച്ചിട്ടുള്ളതും ഒടുക്കിയതും ഒടുക്കുവാൻ ബാക്കി നിൽക്കുന്നതുമായ തുകകളുടെ വിശദ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. വാർഷിക കണക്ക് പ്രകാരമുള്ള പിരിവ് ഒടുക്ക് വിവരം താഴെ കൊടുക്കുന്നു.

| ഇനം | വർഷം | പിരിച്ച തുക (ബില്ലിൽ കുറവു ചെയ്ത തുക ഉൾപ്പെടെ) | തന്നാണ്ടിൽ ഒടുക്കിയ തുക |
|---|---|---|---|
| ആദായ നികുതി | 10-11<br>11-12 | 244792<br>160960 | 637975<br>196630 |

Local Fund Audit Department

| | | | |
|---|---|---|---|
| വിൽപ്പന/വാങ്ങൽ നികുതി | 10-11<br>11-12 | 433612<br>284509 | 1145160<br>356283 |
| ലൈബ്രറി സെസ് | 10-11<br>11-12 | 637570<br>609834 | 1571487<br>614528 |
| നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം | 10-11<br>11-12 | 133456<br>79112 | 370691<br>103847 |

**4(4) ഓഡിറ്റ് റിക്കവറി**

ഈയിനത്തിൽ തൻവർഷം വരവില്ല.

**4(5) ഓഡിറ്റ് പ്രത്യവലോകനം**

(എ) സംക്ഷിപ്ത വിവരം

| | 2010-11 | 2011-12 |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 141236909 | 187032996 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 135354120 | 170042235 |
| വരവിനങ്ങളിലുള്ള നഷ്ടം | 14384 | |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2000 | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 11,65,000 | |

**(ബി) നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖ. നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-2 | 14384 | | ക്ലർക്ക്/സൂപ്രണ്ട്/റവന്യൂ ഇൻസ്പെക്ടർ |
| 3-15(3) | | 2000 | സെക്രട്ടറി, ശ്രീ.കെ.എസ്. മുരളീധരൻ |
| **ആകെ** | **14384** | **2000** | |

**(ബി1) തടസ്സപ്പെടുത്തിയ തുകയുടെ വിവരം**

| ഖ.നമ്പർ | തുക |
|---|---|
| 3-1 | 11,65,000 |
| **ആകെ** | **11,65,000** |

**(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

Local Fund Audit Department

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

4(6) തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1969-70 | എൽ.എഫ്.എം 5870/73/4-10-74 | 41 |
| 70-71 | ,, 543/74/1-7-76 | 48 |
| 71-72 | ,, 491/75/9-8-76 | 41 |
| 72-73 | ,, 8088/95/17-9-76 | 32 |
| 73-74 | ,, 5029/76/2-2-77 | 38 |
| 74-75 | ,, 910/79/21-4-79 | 28 |
| 75-76 | ,, 2151/77/27-7-77 | 44 |
| 76-77 | ,, 62/81/77/6-12-78 | 40 |
| 77-78 | ,, എം3/382/83/8-4-83 | 25 |
| 78-79 | ,, 1144/80/31-12-80 | 41 |
| 79-80 | ,, 1899/81/19-4-82 | 50 |
| 80-81 | ,, 1091/84/20-3-85 | 50 |
| 81-82 | ,, 933/86/6-9-87 | 46 |
| 82-83 | ,, 724/83/2-7-83 | 37 |
| 83-84 | ,, 758/88/4-11-88 | 51 |
| 84-85 | ,, 440/90/31-3-98 | 113 |
| 85-86, 86-87 | ,, 1240/95/6-12-95 | 47 |
| 87-88, 88-89 | ,, 545/95/9-8-96 | 31 |
| 89-90 മുതൽ 91-92 വരെ | ,, എം9/931/96/5-1-97 | 85 |
| 92-93 | പുറപ്പെടുവിച്ചിട്ടില്ല | |
| 93-94 മുതൽ 95-96 വരെ | എൽ.എഫ്.എം16/380/2000/11-1-02 | 60 |
| 96-97 | ,, 704/98/13-11-98 | 40 |
| 97-98 | ,, 621/2000/25-2-2000 | 90 |
| 98-99 | ,, 1451/2000/25-2-2000 | 88 |
| 99-2000 | ,, 985/ /5-12-2000 | 87 |
| 2000-01 | ,, എം4/1235/05/17-7-06 | |
| 2005-06 (വരവ്) | ,, എം16/941/10 തീയതി 3-11-10 | 05 |
| 2001-02 | ,, എം20/1592/2011 തീയതി 30-1-12 | 08 |
| 2002-03 | ,, ,, /1697/2011 ,, 30-1-12 | 20 |
| 2003-04 | ,, ,, /1698/11 ,, 30-1-12 | 18 |
| 2006-07 (ചെലവ്) | ,, ,, /2175/09 ,, 8-2-12 | 14 |
| 2006-07 (വരവ്) | ,, ,, /942/09 ,, 8-2-12 | 20 |
| 2004-05 | ,, ,, /2173/09 ,, 10-2-12 | 24 |

Local Fund Audit Department

| | | | |
|---|---|---|---|
| 2005-06 (ചെലവ്) | ,, | ,, /1835/2011 ,, 19-3-12 | 16 |
| 2007-08 (ചെലവ്) | ,, | ,, /2176/2009 ,, 18-2-10/2-3-12 | 70 |
| 2007-08 (വരവ്) | ,, | ,, /943/2010 ,, 10-4-12/4-6-12 | 07 |
| 2008-09 | ,, | ,, /2013/2011 ,, 12-1-12/9-3-12 | |
| 2009-10 | ,, | ,, /2014/2011 ,, 7-7-12 | 26 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**4(8) അവശേഷിക്കുന്ന ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം**

| ക്രമ നമ്പർ | ഓഡിറ്റ് വർഷം | ചാർജ്ജ്/സർചാർജ്ജ് സർട്ടിഫിക്കറ്റ് നമ്പർ/ തീയതി | തുക | ഉത്തര വാദിയായ ഉദ്യോഗസ്ഥരുടെ പേര് | സ്വയം ഒടുക്കിയ തുക | ആർ.ആർ. നടപടി മുഖേന ഈടാക്കിയ തുക | ഒടുക്കുവാൻ ശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|
| 1 | 1997-98 | എൽ.എഫ്.13019/ സ്പെ.സെൽ/എസ്.സി.3/01 തീയതി 24-2-03 | 13100 രൂപ | ശ്രീ.ഐസക് കുരുവിള | ഇല്ല | ഇല്ല | 13,100 |
| 2 | 1997-98 | എൽ.എഫ്.13019/ സ്പെ.സെൽ/എസ്.സി.3/01 തീയതി 24-2-03 | 1872 | ശ്രീ.പി.എം. മുഹമ്മദലി, സെക്രട്ടറി | ഇല്ല | ഇല്ല | 1872 |
| 3 | 1997-98 | എൽ.എഫ്.13019/ സ്പെ.സെൽ/എസ്.സി.3/(1) തീയതി 24-2-03 | 153044 | | | | 153044 |
| 4 | 1998-99 | എൽ.എഫ്.14145/ സ്പെ.സെൽ/എസ്.സി.3/(2) തീയതി 27-3-03 | 34625 | | | | 34625 |

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,**
**ലോക്കൽ ഫണ്ട് ഓഡിറ്റ്, മലപ്പുറം ജില്ല.**

എൽ. 5/2013

Local Fund Audit Department